# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി1/1822/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി : 24.10.2017

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ

വിഷയം : കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി1/1822/2017 തീയതി: 24.10.2017

# കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റ് നടത്തിയ തീയതി | 19.09.2017 മുതൽ 28.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.പി.ഹരി (19.09.2017 മുതൽ 26.09.2017 വരെ) | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്യാംജിത്ത്.എം. (19.09.2017 മുതൽ 26.09.2017 വരെ) | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈന.എ.കെ. (19.09.2017 മുതൽ 26.09.2017 വരെ) | |
| | കുമാരി.അഖില.വി (22.09.17 മുതൽ 28.09.17 വരെ) | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | പ്രസിഡന്റ് | ശ്രീ.പി.ടി അഗസ്റ്റിൻ | 1-04-2016മുതൽ 31-03-2017വരെ |
| 2 | സെക്രട്ടറി | ശ്രീ.ഉദയൻ. എ | 1-04-2016 മുതൽ 6.4.2016 വരെ |
| | | ശ്രീ.രവീന്ദ്രൻ നായർ (സെക്രട്ടറി ഇൻ ചാർജ്) | 7-04-2016 മുതൽ 17.5.2016 വരെ |
| | | ശ്രീ.ഉദയൻ. എ | 18-05-2016 മുതൽ 29.7.2016 വരെ |
| | | ശ്രീമതി.ദേവി കെ (സെക്രട്ടറി ഇൻ ചാർജ്) | 29-07-2016 മുതൽ 4.8.2016 വരെ |
| 3 | | ശ്രീ.ഗോപാലകൃഷ്ണൻ.കെ | 5-8-2016മുതൽ 19-2-2017വരെ |
| | | ശ്രീമതി.ദേവി കെ (സെക്രട്ടറി ഇൻ ചാർജ്) | 19-2-2017മുതൽ 22-2-2017വരെ |
| 4 | | ശ്രീ.അഭിലാഷ്.എ.എൻ | 23-3-2017 മുതൽ 31-3-2017വരെ |
| 5 | അസി.സെക്രട്ടറി | ശ്രീ.രവീന്ദ്രൻനായർ എ | 1-4-2016 മുതൽ 30-6-2016 വരെ |
| | | വേക്കന്റ് | 1-7-2016 മുതൽ 31-8-2016 വരെ |
| 6 | | ശ്രീമതി.ദേവി കെ | 1-9-2016മുതൽ 31-03-2017വരെ |
| 7 | അസി.എഞ്ചിനീയർ | ശ്രീമതി.നിമ്മി.കെ | 1-04-2016മുതൽ 31-03-2017വരെ |
| 9 | കൃഷി ഓഫീസർ | ശ്രീ.പ്രകാശ് പി | 1-04-2016മുതൽ 31-03-2017വരെ |
| 10 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. സിൽവിയ | 1-04-2016മുതൽ 31-03-2017വരെ |
| 11 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കെ.ശ്രീനിവാസൻ | 1-04-2016മുതൽ 31-03-2017വരെ |
| 12 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ദേവസ്യ | 1-04-2016മുതൽ 31-3-2017വരെ |
| 14 | വെറ്റിനറി സർജൻ | ഡോ. സുഭാഷ് രാജ്.കെ | 1-04-2016മുതൽ 31-03-2017വരെ |
| 15 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. റെജിമോൾ | 1-04-2016മുതൽ 31-03-2017വരെ |
| 16 | ഹെഡ് മാസ്റ്റർ | ശ്രീമതി മെഹറുന്നീസ | 1-04-2016മുതൽ 31-03-2017വരെ |
| 17 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പി യു ദേവി | 1-04-2016മുതൽ 22-7-2016വരെ |
| 18 | | ശ്രീമതി. ഹഫ്സ എൻ | 23-7-2016മുതൽ 3-10-2016 വരെ |
| 19 | | ശ്രീമതി അന്നക്കുട്ടി | 4-10-2016 മുതൽ 31-3-2017 വരെ |

| | | | |
|---|---|---|---|
| | വി.ഇ.ഒ | ശ്രീമതി സുലേഖ ടി കെ | 1-04-2016മുതൽ 31-3-2017വരെ |
| 20 | | ശ്രീ സബീഷ് എൻ.ആർ.ടി.കെ | 1-4-2016മുതൽ 31-03-2017വരെ |

# ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | കേഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ |
| 12 | 2-2 | ഒരേ കെട്ടിടത്തിൽ വിവിധ കെട്ടിട നമ്പറുകൾ അനുവദിക്കുന്നത് മൂലം വസ്തുനികുതിയിൽ നഷ്ടം |
| 13 | 2-3 | 2016-17 വർഷത്തെ ജനറൽ പർപ്പസ് ഗ്രാന്റ് അക്കൗണ്ടിൽ വരാത്തത് സംബന്ധിച്ച് |
| 14 | 2-4 | തൊഴിൽ നികുതി അപാകതകൾ |
| 15 | 2-5 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകത – പരാതി ലഭിച്ചത് തീർപ്പാക്കുന്നതിൽ കാലതാമസം |
| 16 | 2-6 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നു. |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | 3-1 | പദ്ധതി പ്രകാരം വാങ്ങിയ പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്തില്ല. |
| 18 | 3-2 | ആർജ്ജിതാവധി – ടെർമിനൽ സറണ്ടർ – ജീവനക്കാർ അധിക തുക നൽകി. |

| | | |
|---|---|---|
| 19 | 3-3 | കരാറുകാരിൽ നിന്ന് വാറ്റ് ഈടാക്കിയതിൽ കുറവ് |
| 20 | 3-4 | ടെണ്ടർ ഫോമിൽ നിരക്ക് ക്വാട്ട് ചെയ്തതിൽ തിരുത്ത് – അധിക തുക നൽകി |
| 21 | 3-5 | ഫുൾടൈം സ്വീപ്പർക്ക് യൂണിഫോം അലവൻസ് നൽകി – തുക തിരിച്ചടക്കേണ്ടതാണ്. |
| 22 | 3-6 | വാങ്ങിയ ഭക്ഷ്യ മിശ്രിതം മുഴുവൻ അങ്കണവാടിയിൽ വിതരണം ചെയ്തില്ല |
| 23 | 3-7 | സാങ്കേതിക അനുമതി ലഭിക്കാത്ത പ്രൊജക്ടുകൾക്ക് കരാറിലേർപ്പെടാതെ മുൻകൂർ തുക അനുവദിച്ചു- പദ്ധതി പ്രവർത്തനം ആരംഭിച്ചില്ല. |
| 24 | 3-8 | കന്നുകുട്ടി പരിപാലനം (വനിത) പദ്ധതി – വിനിയോഗ വിവരം ലഭ്യമല്ല. |
| 25 | 3-9 | കാർഷിക മേഖലയിൽ പദ്ധതി നടപ്പാക്കുന്നതിലെ അപാകതകൾ |
| 26 | 3-10 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ |
| 27 | 3-11 | ശുചിത്വ മിഷൻ ഫണ്ട് – തുക തിരിച്ചടച്ചു – ആയതിന്റെ വിശദാംശം ഫയലില്ല. |
| 28 | 3-12 | എസ്.എസ്.എ വിഹിതം – കൈമാറിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |
| 29 | 3-13 | പദ്ധതി നടത്തിപ്പിന്റെ വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച് |
| 30 | 3-14 | അമ്പലപ്പാറ – കുളിപ്പൊയിൽ – അമ്പലപ്പടി റോഡ് കോൺക്രീറ്റ് – പദ്ധതി നടപ്പാക്കിയതിലെ അപാകത |
| 31 | 3-15 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി – അപാകതകൾ |
| 32 | 3-16 | സമഗ്ര കായിക വികസന പരിപാടി – പദ്ധതി നടപ്പാക്കിയതിലെ അപാകത |
| 33 | 3-17 | പി.എച്ച്.സി ഡിസ്പെൻസറിയിലേക്കുള്ള മരുന്ന് വാങ്ങലുകളിലെ അപാകതകൾ |
| 34 | 3-18 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്ന പദ്ധതി – കൈമാറിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചില്ല |
| 35 | 3-19 | പെയിൻ & പാലിയേറ്റീവ് പദ്ധതി – നടപ്പാക്കിയതിലെ അപാകത |
| 36 | 3-20 | തൊണ്ടിക്കമ്മൽ ഗവ.എൽ.പി.സ്കൂൾ – വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ – പദ്ധതി നടപ്പാക്കിയതിലെ അപാകത |
| 37 | 3-21 | ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചു – ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത – ഇൻഷൂറൻസ് ഇനത്തിൽ തുക ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| 38 | 3-22 | ഉരുൾ പൊട്ടൽ മൂലം വീട് നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണം സംബന്ധിച്ച് |
| 39 | 3-23 | ചെലവ് വിവരങ്ങൾ ഐ.കെ.എം. പത്രികയിൽ ഉൾപ്പെടുത്തിയില്ല |
| 40 | 3-24 | സ്വച്ഛഭാരത് മിഷൻ ഒ.ഡി.എഫ് വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണം – ഫണ്ട് വിനിയോഗം സംബന്ധിച്ച് |
| 41 | 3-25 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 42 | 3-26 | ഭവന നിർമ്മാണ ധനസഹായം – തുക തിരിച്ചടക്കുന്നത് സംബന്ധിച്ച് |

| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
|---|---|---|
| 43 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 44 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 45 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 46 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 47 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 48 | 4-6 | ഓഡിറ്റ് റിക്കവറി |
| 49 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 50 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 51 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 52 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 22-10-2016 തിയതിയിലെ 1/16-17 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 17.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 19-09-2017 മുതൽ 28-09-2017വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -13790370

വരവ് -63566154

ആകെ -77356524

ചെലവ് -59618479

നീക്കിയിരിപ്പ്-17738045

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15688415 | 15688415 | 14001241 | 1687174 | 89.24 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3007221 | 3007221 | 2171127 | 836094 | 72.19 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 726123 | 726123 | 552695 | 173428 | 76.11 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10438152 | 10438152 | 6046271 | 4391881 | 57.92 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4502754 | 4502754 | 2451860 | 2050894 | 54.45 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8797880 | 8797880 | 4122423 | 4675457 | 46.85 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5924000 | 5924000 | 839949 | 5084051 | 14.17 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1844 | 15143003 | 15144847 | 15144112 | 735 | 99.99 |
| ബി ഫണ്ട് | 0 | 35261065 | 35261065 | 35261065 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | | 95 | | 0 | 106 | 45.02 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4832286 | 6217023 | 1384637 | (+)28.65 |
| നികുതിയേതര വരവുകൾ | 1048706 | 1232112 | 183406 | (+)17.48 |
| മറ്റുവരവുകൾ | 102408 | 65542 | 36866 | (-)35.99 |
| ആകെ | 5983500 | 7514677 | 1531177 | (+)25.58 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 315960 | 198 |
| കർഷകതൊഴിലാളി പെൻഷൻ | 6110300 | 683 |
| വിധവാപെൻഷൻ | 10223890 | 931 |
| വാർദ്ധക്യകാലപെൻഷൻ | 15329780 | 1417 |
| വികലാംഗപെൻഷൻ | 2555005 | 270 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 486130 | 45 |
| വിവാഹധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-9-2017 10am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 103640 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-6-2017 മുതൽ 22-6-2017 വരെ | 1-5-2017 മുതൽ 31-5-2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-12-2016 മുതൽ 29-12-2016 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ) VI/8A 2537/174 dated. 19-1-2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) വസ്തുനികുതി വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

2) വാർഷിക ധനകാര്യപത്രിക പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 8929740 രൂപ വരവുണ്ട്. എന്നാൽ ട്രഷറി പാസ്സ് ബുക്ക് പ്രകാരം 2232435 രൂപയേ വരവുള്ളൂ.

3) 2016-17 വർഷത്തെ സഞ്ചയ വസ്തുനികുതി ഡിമാന്റ്, പിരിവ്, ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി ഡിമാന്റ് (തൻവർഷം) | 3794629 | 3763872 | 30757 |
| തൻവർഷ വരവ് | 2504172 | 2498536 | 5636 |
| കുടിശ്ശിക വരവ് | 1469963 | 1487902 | 17939 |
| തൻവർഷ ബാലൻസ് | 1267031 | 1431010 | 163979 |
| കുടിശ്ശിക ബാലൻസ് | 1395277 | 1423377 | 28100 |

4) വിനോദനികുതി രജിസ്റ്റർ പ്രകാരം വരവ് 93800 രൂപയും വാർഷിക ധനകാര്യപത്രിക പ്രകാരം 95800 രൂപയുമാണ്. 2000 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

5) വാർഷിക കണക്ക് ബി-9 ഷെഡ്യൂൾ പ്രകാരം ഗ്രന്ഥശാലവരിസംഖ്യ ഇനത്തിൽ 107981 രൂപ സംസ്ഥാന ലൈബ്രറി കൗൺസിലേക്ക് അടയ്ക്കുവാൻ ശേഷിക്കുന്നുണ്ട്. സർക്കുലർ നമ്പർ 10088/എൽ 3/05ത.സ്വ.ഭ.വ 20.9.2015 പ്രകാരം ഏപ്രിൽ 30 നകം ഒന്നാം ഗഡുവും നവംബർ 30 നകം രണ്ടാമത്തെ ഗഡുവും ഒടുക്കേണ്ടതാണ്. ഗ്രന്ഥശാല വരിസംഖ്യ ഇനത്തിൽ ഒടുക്കേണ്ട തുക താമസം കൂടാതെ ഒടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

6) അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി, എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

7) ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 ഒരേ കെട്ടിടത്തിൽ വിവിധ കെട്ടിടനമ്പറുകൾ അനുവദിക്കുന്നതുമൂലം വസ്തുനികുതിയിൽ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത്

കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിടനമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീ 40 രൂപ നിരക്കിലും 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീ നു 60 രൂപ നിരക്കിലും 200 ച.മീ വരെയുള്ള സൂർപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവക്ക് 40 രൂപ നിരക്കിലും 200 ച.മീ മുകളിൽ 80 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്

ഉദാഹരണം താഴെ കൊടുക്കുന്നു.

കെട്ടിട ഉടമ : മാത്യു, തൊമരക്കാട്ടിൽ

കെട്ടിടത്തിന്റെ തറവിസ്തീർണ്ണം : 229.80 ച.മീ

കെട്ടിടത്തിന് അനുവദിക്കപ്പെട്ട നമ്പറുകൾ - 13ാം വാർഡിലെ 467 A, 467 B, 467 C, 467D.

കെട്ടിടത്തിന്റെ ഉപയോഗക്രമം- വാണിജ്യം, RCC Shop

കെട്ടിടത്തിന് ഇളവുകളും വർദ്ധനവും ഇല്ല.

| കെട്ടിടത്തിന്റെ നമ്പർ | തറവിസ്തീർണ്ണം | ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച വസ്തുനികുതി (40 രൂപ നിരക്കിൽ) | ഈടാക്കേണ്ടിയിരുന്നത് (60 രൂപ നിരക്കിൽ) | കുറവ് വന്ന തുക |
|---|---|---|---|---|
| 467 A | 42.24 ച.മീ | 1690 | 2534 | 844 |
| 467 B | 42.24ച.മീ | 1690 | 2534 | 844 |
| 467 C | 71.94ച.മീ | 2878 | 4316 | 1438 |
| 467 D | 73.38ച.മീ | 2935 | 4402 | 1467 |
| ആകെ | | 9193 | 13786 | 4593 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

തറവിസ്തീർണ്ണം- 229.80ച.മീ

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 13786 രൂപ

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 4593

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 26/16-17തി. 27.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുക ഈടാക്കേണ്ടതും ഒരു കെട്ടിടത്തിൽ വിവിധ നമ്പറുകൾ അനുവദിക്കുമ്പോൾ മേൽ പറഞ്ഞ രീതിയിൽ നികുതി നിർണ്ണയിക്കേണ്ടതാണ്. നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി

പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 2-3 2016-17 വർഷത്തെ ജനറൽ പർപ്പസ് ഗ്രാന്റ് അക്കൗണ്ടിൽ വരാത്തത് സംബന്ധിച്ച്

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെ ബിൽ ബുക്ക് പ്രകാരം 12 ഗഡുക്കളായി 8929740 രൂപ ജനറൽ പർപ്പസ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 9 ഗഡുക്കൾ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 717061400000002) ൽ ക്രഡിറ്റ് ചെയ്തിട്ടില്ല. ഇതുമൂലം നിലവിൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയും ട്രഷറിയിൽ അവശേഷിക്കുന്ന തുകയും തമ്മിൽ 6697305 (744145*9) രൂപയുടെ വ്യത്യാസം ഉള്ളതായി കാണുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് വന്ന തുക- 8929740

ട്രഷറി പാസ് ബുക്ക് പ്രകാരം വരവ് വന്ന തുക- 2232435

വ്യത്യാസം-6697305

പ്രസ്തുത അപാകത ചൂണ്ടികാട്ടി സെക്രട്ടറി 24.7.17 ലെ ACC-4770/17 നമ്പർ കത്തുമുഖേനെ ട്രഷറി ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ട്രഷറി ഓഫീസറോട് തുക ക്രഡിറ്റ് ചെയ്യുവാൻ അപേക്ഷിച്ചിട്ടുണ്ടെന്നാണ് തിരുവമ്പാടി ട്രഷറി ഓഫീസർ സെക്രട്ടറിയ്ക്ക് മറുപടി നൽകിയത്. തുക ക്രഡിറ്റ് ചെയ്യുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുക ക്രഡിറ്റ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി അപാകതകൾ

1) സ്ഥാപന രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 205ഇ 1ാം ഉപവകുപ്പ് പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം ഓരോ ഓഫീസ് മേധാവിയോടും തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൽ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും വിലാസവും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതും പ്രസ്തുത ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥനായ ട്രേഡേഴ്സിനെ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

2) തൊഴിൽനികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലേറെ പേർ ജോലിചെയ്യുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തി കണ്ടു. എന്നാൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയതായി കണ്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | ഡി ആന്റ് ഒ രജിസ്റ്റർ | അപേക്ഷകന്റെ പേര്, | വാർഡ്,കെട്ടിടനമ്പർ | ജീവനക്കാരുടെ |
|---|---|---|---|---|

| നമ്പർ | പ്രകാരമുള്ള അപേക്ഷാ നമ്പർ | സ്ഥാപനം | | എണ്ണം |
|---|---|---|---|---|
| 1 | 47 | എം.ജെ ജോസഫ്, മലബാർ ഫുഡ് പ്രൊഡക്ട്സ് | 8/249A, B,C,D | 9 |
| 2 | 40 | പ്രസന്ന, പുലരി വനിതാ ഹോട്ടൽ | 11/252 | 5 |
| 3 | 15 | റഹീം, ന്യൂ മലബാർ ബ്രിക്സ് | TP 2/73C | 4 |
| 4 | 174 | ശാരിക ശശിധരൻ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 14/779,14/780 | 5 |
| 5 | 126 | കെ.സ്മിത, സ്മാർട്ട് ലേഡീസ് ടെയ്‌ലറിംഗ് | TP 3/1053 | 6 |
| 6 | 111 | ഡേവിഡ് ജോസഫ്, മലനാട് വുഡ് വർക്ക്സ് | 3/701-149 | 6 |
| 7 | 101 | സവാദലി, മലബാർ ഫർണ്ണിച്ചർ | 13/319, C,D,E,F,G,H,I | 4 |

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 25/16-17തി. 27.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## **2-5** <u>കെട്ടിട നിർമ്മാണ പെർമിറ്റ് നല്കിയതിലെ അപാകത – പരാതി ലഭിച്ചത് തീർപ്പാക്കുന്നതിൽ കാലതാമസം</u>

2016 -17 വർഷത്തിൽ പഞ്ചായത്തിൽ നിന്നും നല്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പെർമിറ്റ് നമ്പർ | ബി.എൽ 9566 / 16-17 തിയ്യതി 15.12.2016 |
| പെർമിറ്റ് ഉടമസ്ഥൻ | ജിജി ജോസഫ് , മണ്ണ കുശുമ്പിൽ വീട് , പുല്ലൂരാംപാറ |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | 270.4 എം2 |
| പ്ലിന്ത് വിസ്തീർണത്തിന്റെ വിശദാംശം | GF 270.4 എം2 |
| കെട്ടിടത്തിന്റെ തരം | കോട്ടേജ് ഫോർ കമേഴ്സ്യൽ പർപ്പസ്.(റിസോർട്ട് ) |
| പ്ലോട്ട് വിസ്തീർണം | 33.9991 ആർസ് |
| കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ തരം | കെ.ഡിസ്. 3161 / 16 തിയ്യതി 08.04.2016 |

പെർമിറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. പെർമിറ്റിനോടൊപ്പം സമർപ്പിച്ച പ്ലാനിൽ 3.45 മീറ്റർ ആഴത്തിൽ 33.8 x 7.2 എം2 വിസ്തീർണമുള്ള ഒരു സെല്ലാർ ഫ്ലോർ (പാർക്കിങ്ങിന് വേണ്ടി ) രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഇക്കാര്യം പെർമിറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പെർമിറ്റിൽ കെട്ടിടത്തിന്റെ വിനിയോഗ ഗണം 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 34 (3)(b) പ്രകാരം " ഗണം A2 “ എന്ന്

രേഖപ്പെടുത്തുന്നതിന് പകരം കോട്ടേജ് ഫോർ കൊമേഴ്സ്യൽ പർപ്പസ് എന്ന് രേഖപ്പെടുത്തിയത് ചട്ട വിരുദ്ധമാണ്.

2. മേൽ പരാമർശിച്ച കൈവശാവകാശ സർട്ടിഫിക്കറ്റിൽ പ്ലോട്ടിന്റെ തരം രേഖപ്പെടുത്തിയിട്ടില്ല.

3. ആനക്കാംപൊയിൽ - അരിപ്പാറ വെള്ളച്ചാട്ടം പുഴ സംരക്ഷണ സമിതി പ്രസിഡന്റ് ശ്രീ.ഡൊമിനിക് സമർപ്പിച്ച ഹരജി പ്രകാരം ( തപാൽ നമ്പർ ബി2 – 2778 / 17 തിയ്യതി 03.03.2017 ) ജെ.സി.ബി , ടിപ്പർ എന്നിവ ഉപയോഗിച്ച് പുഴത്തീരം ഇടിച്ച് നിരത്തുന്നതായി പരാതിപ്പെട്ടിട്ടുണ്ട്. തുടർന്ന് 12.04.2017 ന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ സ്ഥലപരിശോധന പ്രകാരം സ്ഥലത്ത് മണ്ണിടിഞ്ഞ് കിടക്കുന്നതായും പുഴതീരത്ത് മണ്ണ് ഇടിച്ച് നിരത്തിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുഴയുടെ അതിർത്തി നിർണയിച്ച് തരുന്നതിന് നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം അതിര് നിർണയിച്ച് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല.

4. ഇതേ പരാതിയുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിൽ നിന്നും ലഭിച്ച 06.03.2017 ലെ ബി2 – 2778 / 17 നമ്പർ കത്തിന് മറുപടിയായി പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ 28.03.2017 ലെ എ3 – 1698 / 16 നമ്പർ കത്തിൽ എൽ,എസ്.ജി.ഡി അസി.എഞ്ചിനീയർ സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നത് വരെ പ്രവൃത്തി നിർത്തി വെക്കുവാൻ ഉടമസ്ഥനെ അറിയിക്കുന്നതാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്.

ഇക്കാര്യം 25.03.2017 ലെ എ3 / 1698 / 16 നമ്പർ കത്ത് പ്രകാരം പെർമിറ്റ് ഉടമസ്ഥയെ അറിയിച്ചിട്ടുണ്ട്.

എന്നാൽ അസി.എഞ്ചിനീയർ സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് നല്കിയ ശേഷം തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## **2-6** കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണ അനുമതി നല്കുന്നു

2016 -17 വർഷത്തിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| (1) പെർമിറ്റ് നമ്പർ | ബി.എൽ 860 /2017 തിയ്യതി 24.07.2017 |
| പെർമിറ്റ് ഉടമസ്ഥൻ | ശ്രീ.അബ്ദുൾ റഹിമാൻ , പയ്യടിമീത്തൽ , തിരുവമ്പാടി പി.ഒ |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | 662.66 എം2 |
| പ്ലിന്ത് വിസ്തീർണത്തിന്റെ വിശദാംശങ്ങൾ | GF 276.48 എം2<br>FF 372.94 എം2<br>Stair Case Room : 13.24 എം2 |
| കെട്ടിടത്തിന്റെ പ്ലോട്ട് വിസ്തീർണം | 19.8 സെന്റ് |
| കെട്ടിടത്തിന്റെ ഒക്യുപെൻസി തരം | A1 , F` |
| (2) പെർമിറ്റ് നമ്പർ | ബി.എൽ. 129 / 16-17 തിയ്യതി 27.08.2016 |
| പെർമിറ്റ് ഉടമസ്ഥൻ | ബലരാജൻ , പുറമ്പനാട്ട് (വീട്) , പൊന്നാങ്കയം |
| കെട്ടിത്തിന്റെ പ്ലിന്ത് വിസ്തീർണം | 455.12 എം2 |
| പ്ലിന്ത് വിസ്തീർണത്തിന്റെ വിശദാംശങ്ങൾ | GF : 218.72 എ2<br>FF : 218.72 എം2<br>Stair Case Room : 17.68 എം2 |
| കെട്ടിടത്തിന്റെ പ്ലോട്ട് വിസ്തീർണം | 43.3 ആർസ് |

| | |
|---|---|
| കെട്ടിടത്തിന്റെ ഒക്യുപൻസി വിഭാഗം | കൊമേഴ്സ്യൽ |

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 34 (2)(iii) പ്രകാരം ഒന്നിൽ കൂടുതൽ ഉപയോഗങ്ങളുള്ള കെട്ടിടത്തിന്റെ സംഗതിയിൽ അതിന്റെ ഏറ്റവും നിയന്ത്രിതമായ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58(12) പ്രകാരം ഭൂനിരപ്പിൽ നിന്നും ഇരുനില കവിയുന്ന കമേഴ്സ്യൽ കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഒരു അംഗീകാര സാക്ഷ്യപത്രം നേടി കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതുണ്ട്.

എന്നാൽ ഇത് ലഭ്യമാക്കാതെയാണ് മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണ അനുമതി നല്കിയത്. അപാകത വിശദീകരിക്കേണ്ടതാണ്.

കൂടാതെ ക്രമനമ്പർ 1 അനുമതിക്കുള്ള അപേക്ഷക്കൊപ്പം ലഭ്യമാക്കിയ തിരുവമ്പാടി വില്ലേജ് ഓഫീസറുടെ 09.01.2017 തിയ്യതിയിലെ കെ.ഡി.എസ്. 109 / 2017 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റിൽ സ്ഥലത്തിന്റെ തരം രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി പ്രകാരം വാങ്ങിയ പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്തില്ല.

പ്രൊജക്റ്റ് നംമ്പർ -എസ്.ഒ. 205/17

ജൈവ പച്ചക്കറി കൃഷി പ്രോൽസാഹനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ചെലവ് -531555 (വികസന ഫണ്ട്)(ബിൽ നം- 1/27-02-17 -381575, ബിൽ നം- 3/08-03-17 -29355, ബിൽ നം- 4/08-03-17 -68020, ബിൽ നം- 11/31-03-17 -52605)

128410 (ഗുണഭോക്തൃ വിഹിതം)
ഈ പദ്ധതിയിൽ ബിൽ നമ്പർ 1/2016-17/27-02-2017 പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയിട്ടുള്ള പച്ചക്കറി വിത്തുകളും തൈകളും മുഴുവനും വിതരണം ചെയ്തിട്ടില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | വില | റിമാർക്ക്സ് |
|---|---|---|---|
| പച്ചക്കറി വിത്ത് | 2340 കിറ്റ് | 30/ കിറ്റ് | വി.എഫ്. പി.സി.കെ യിൽ നിന്നും വാങ്ങി. 21 കിറ്റുകൾ മാത്രമാണ് ഗുണഭോക്താക്ക ൾക്ക് വിതരണം ചെയ്തിട്ടുള്ളത്-വിതരണം ചെയ്യാത്ത വിത്തുകളുടെ വില 2319 X 30 =69570 |
| പച്ചക്കറി തൈ | 114350 | 2.20/തൈ | തിരുവമ്പാടി അഗ്രോ ഫാമിൽ നിന്നും വാങ്ങി. 200 തൈകൾ മാത്രമാണ് ഗുണഭോക്താ ക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാത്ത തൈകളുടെ വില 114150 X 2.20 =251130 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/16-17

/26-09-17) മറുപടിലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യിട്ടില്ലാത്ത വിത്തുകളുടെയും തൈകളുടെയും വിലയായ 320700 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 ആർജ്ജിതാവധി - ടെർമിനൽ സറണ്ടർ - ജീവനക്കാരൻ അധിക തുക നൽകി.

I) തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ നിന്ന് 31.05.2016ന് സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ.വി.വിജയൻ, ജൂനിയർ സൂപ്രണ്ടിന്, അദ്ദേഹത്തിന്റെ സേവനപുസ്തകത്തിലെ ആർജ്ജിതാവധി ലീവ് അക്കൗണ്ടിൽ നിന്ന് 280 ലീവ് ടെർമിനൽ സറണ്ടർ ചെയ്തതിന്റെ ഭാഗമായി വൗച്ചർ നമ്പർ 21600385/20.08.2016 പ്രകാരം 491129/-രൂപ അനുവദിച്ചു. ഇദ്ദേഹത്തിന്റെ അടിസ്ഥാന ശമ്പളം 46900/-രൂപയും അതിന്റെ 9% ക്ഷാമബത്തയായ 4221/-രൂപയും വീട്ട് വാടകബത്ത 1500/-രൂപയും ഉൾപ്പെടെ ആകെ 52621/-രൂപ മാസശമ്പളം കണക്കാക്കി 280/-ദിവസത്തേക്ക് 491129). ഓഡിറ്റിന്റെ ഭാഗമായി ജീവനക്കാരന്റെ സേവനപുസ്തകം പരിശോധിച്ചതിൽ ടെർമിനൽ സറണ്ടറിന് 280ന് പകരം 270 ലീവിനേ അർഹതയുള്ളു എന്ന് കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.(സേവന പുസ്തകം പേജ് 47 വാല്യം II) കാണുക).

| ഡ്യൂട്ടി | പിരീഡ് ദിവസ കണക്കിൽ | ഏൺഡ് ലീവ് | ആകെ | സറണ്ടർ ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| 01.04.14 മുതൽ<br>31.03.15 വരെ | 365 | 33 2/11 | 33 2/11+<br>245 4/11<br>=278 6/11 | 30 | 248 6/11 |
| ആദ്യകാല സർവ്വീസ് ആർജ്ജിതാവധി റീകാസ്റ്റ് ചെയ്തത് | | | | | |
| 7.12.83 മുതൽ<br>6.12.84 വരെ<br>(പോലീസ് സർവ്വീസ്) | 366 | 33 3/11 | 33 3/11-<br>17<br>= 16 3/11 | | |
| 22.03.1988 മുതൽ<br>21.03.1989 | 365 | 33 2/11 | 33 2/11<br>17<br>= 16 2/11 | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 21.03.88 പോലീസ് സേനയിൽ നിന്ന് വിട്ട് വരുമ്പോൾ അവശേഷിച്ച ആർജ്ജിതാവധി | | | 5 9/11 | | 286 9/11 |
| | ആകെ | | 38 3/11 | | |
| 01.04.2015 മുതൽ 30.11.2015 വരെ (01.12.2015 മുതൽ 31.05.2016 വരെ ലീവിൽ പോയി) | 244/11 = 22 2/11 | | | | 309 300 ലീവിൽ പരിമിത പ്പെടുത്തിയത് |
| | | | | 01.04.2016ന് 30 ദിവസത്തെ ലീവ് സറണ്ടർ | 270 8/11 |

മേൽ കാണിച്ച പ്രകാരം ശ്രീ.വിജയന്റെ ലീവ് അക്കൗണ്ടിൽ 270 ലീവ് മാത്രമെ അവശേഷിക്കുന്നുള്ളൂ. എന്നാൽ 280 ലീവ് കണക്കാക്കി ടെർമിനൽ സറണ്ടർ അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച 10 ദിവസത്തെ സറണ്ടർ തുകയായ 17540/-രൂപ (52621/30 X 10 = 17540) ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

II) ശ്രീ.എ.രവീന്ദ്രൻ നായർ റിട്ട.അസിസ്റ്റന്റ് സെക്രട്ടറിക്ക് വൗച്ചർ നമ്പർ 21600734/7.12.2016 പ്രകാരം 544718/-രൂപ ടെർമിനൽ സറണ്ടർ അനുവദിച്ചതായി കാണുന്നു. അടിസ്ഥാന ശമ്പളം 51600, ക്ഷാമബത്ത 4644 (9%), വീട്ട് വാടക ബത്ത 1500/-എന്നിവ കണക്കാക്കി ആകെ 283/- ദിവസത്തേക്കാണ് മേൽ തുക ടിയാന് അനുവദിച്ചത് എന്നാൽ ടെർമിനൽ സറണ്ടറിന്റെ കൃത്യത പരിശോധിക്കാൻ സേവന പുസ്തകം ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ കഴിഞ്ഞിട്ടില്ല. ജീവനക്കാരന്റെ പെൻഷൻ ആനുകൂല്യത്തിനായി സേവനപുസ്തകം അയച്ചതിനാലാണ് ഓഡിറ്റ് പരിശോധനക്ക് സമർപ്പിക്കാതിരുന്നത്. സേവനപുസ്തകം പരിശോധനക്ക ഹാജരാക്കേണ്ടതാണ്.

## 3-3 കരാറുകാരിൽ നിന്ന് വാറ്റ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ 2015-16, 2016-17 വർഷങ്ങളിൽ തൊഴിൽ ഉറപ്പ് പദ്ധതിയിൽ കീഴിൽ നടപ്പാക്കിയ പ്രവൃത്തികളിൽ, ആവശ്യമായ മെറ്റീരിയൽ വിതരണം ചെയ്യാൻ ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ടി.വി സെബാസ്റ്റ്യൻ, മനോജ് സെബാസ്റ്റ്യൻ, ജമാൽ, സിനോ ജോസഫ് എന്നീ കരാറുകാരുമായി നെഗോഷ്യേറ്റ് ചെയ്ത് ടെൻഡർ ഉറപ്പിക്കുകയും ചെയ്തു. മെറ്റീരിയൽ വിതരണം ചെയ്തതിന് 27,98,179/-രൂപയും കരാറുകാർക്ക് നൽകിയിട്ടുണ്ട്. മെറ്റീരിയിൽ സപ്ലൈ ചെയ്യുമ്പോൾ, പണം കൈപ്പറ്റുന്നതിന് ഫോറം 8 ലുള്ള ബിൽ (റൂൾ 58, KVAT Rules) സമർപ്പിക്കേണ്ടതാണെങ്കിലും ആയത് കരാറുകാരൻ സമർപ്പിച്ചിട്ടില്ല. വാറ്റ് ബിൽ ഹാജരാക്കാത്തതിനാൽ വാറ്റ് റൂൾ പ്രകാരം താഴെ കൊടുത്ത സാധന സാമഗ്രികൾ വിറ്റ വകയിൽ കരാറുകാരനിൽ നിന്ന് അതിന് നേരെ കൊടുത്ത വാറ്റ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു.

10 മില്ലീ മീറ്റർ - 14.5% 20 മില്ലീ മീറ്റർ മെറ്റൽ - 14.5%

40 മില്ലീ മീറ്റർ - 14.5% സിമെന്റ് - 14.5%

എം.സാന്റ് - 14.5% ക്വാറിമക്ക് - 14.5%

താഴെ കൊടുത്ത പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 4% വാറ്റ് മാത്രമാണ് കുറവ് ചെയ്തത്.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് 2015-2016 | മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരൻ | ബിൽ തുക | ഈടാക്കിയ വാറ്റ് | ഈടാക്കേണ്ട വാറ്റ് | കുറവ് |
|---|---|---|---|---|---|---|
| 1. | തേൻപാറ പൂമരത്തുംകൊല്ലി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 107009 | 4280 | 15516 | 11236 |
| 2. | മുത്തിയോട്ടുമ്മൽ - നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 102668 | 4107 | 14887 | 10780 |
| 3. | തേൻപാറ – പൂമരത്തുംകൊല്ലി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 109135 | 4365 | 15825 | 11460 |
| 4. | എത്താ കോളനി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 107009 | 4280 | 15516 | 11236 |
| 5. | രണ്ടാട്ടുമുക്ക് മുണ്ടമല നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 107009 | 4286 | 15516 | 11235 |
| 6. | നാല്സെന്റ് കോളനി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 107009 | 4281 | 15516 | 11235 |
| 7. | അമ്പലപ്പാറ – ടാങ്കുന്ന് നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 108890 | 4244 | 15789 | 11545 |
| 8. | പാമ്പിഴഞ്ഞപ്പാറ – ബി.ഡി.ഒപ്പടി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 98787 | 3852 | 14324 | 10472 |
| 9. | ചെറുശ്ശേരി - ആട്ടുകട്ടിൽപ്പടി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 11980 | 4366 | 16237 | 11871 |
| | 2016-17 | ആകെ | | | | 101070 |
| 1. | അത്തിപ്പാറ – എത്താ കോളനി നടപ്പാത കോൺക്രീറ്റ് | ജമാൽ.ഇ | 147257 | 5890 | 21352 | 15462 |
| 2. | മണ്ണാർക്കുന്ന് നടപ്പാത കോൺക്രീറ്റ് | ജമാൽ.ഇ | 66040 | 2642 | 9576 | 6934 |
| 3. | അക്കടത്തിൽ എസ്.സി കോളനി നടപ്പാത കോൺക്രീറ്റ് | മനോജ് സെബാസ്റ്റ്യൻ | 126298 | 5052 | 183313 | 13261 |

| | | | | | | |
|---|---|---|---|---|---|---|
| 4. | അത്തിപ്പാറ – എസ്.സി കോളനി നടപ്പാത റോഡ് | ടി.വി സെബാസ്റ്റ്യൻ | 138369 | 5535 | 20064 | 14529 |
| 5. | പാമ്പാറപ്പടി - മധുരമൂല നടപ്പാത കോൺക്രീറ്റ് | സിനോ ജോസഫ് | 147257 | 5890 | 21352 | 15462 |
| 6. | ആനക്കുടി അമ്പലം നടപ്പാത കോൺക്രീറ്റ് | ജമാൽ.ഇ | 147257 | 5890 | 21352 | 15462 |
| 7. | കാവലംപടി പുത്തൻപുരപാടി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 147257 | 5890 | 21352 | 15462 |
| 8. | തന്നിപ്പൊതി കോളനി അംഗൻവാടി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 145555 | 5882 | 21105 | 15283 |
| 9. | ചെളിപൊയിൽ - കൊച്ചു കൈപ്പേൽപ്പടി നടപ്പാത കോൺക്രീറ്റ് | മനോജ് സെബാസ്റ്റ്യൻ | 145506 | 5820 | 21098 | 15278 |
| 10. | പൊല്ലുരാംപ്പാറ – ഉള്ളാട്ടിൽ കോളനി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 147257 | 5890 | 21352 | 15462 |
| 11. | പുന്നക്കുടി - കക്കാട്ടുപാറ നടപ്പാത കോൺക്രീറ്റ് | മനോജ് സെബാസ്റ്റ്യൻ | 147257 | 5890 | 21352 | 15462 |
| 12. | എല്ലിപ്പടി - പാലക്കാവ് അങ്കണവാടി നടപ്പാത കോൺക്രീറ്റ് | ടി.വി. സെബാസ്റ്റ്യൻ | 146358 | 5854 | 21222 | 15368 |
| 13. | പരപ്പാടി - പാലക്കടവ് നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 147257 | 5890 | 21352 | 15462 |
| 14. | ഉല്ലാസ് നഗർ - തെരുപ്പറമ്പ്- നടപ്പാത കോൺക്രീറ്റ് | സിനോ ജോസഫ് | 147257 | 5890 | 21352 | 15462 |
| 15. | അമ്പലപ്പാറ അങ്കണവാടി അമ്പലം നടപ്പാത | ടി.വി സെബാസ്റ്റ്യൻ | 116939 | 4678 | 16956 | 12278 |
| 16. | പാച്ചിഴത്തിപ്പാറ – ബി.ഡി.ഒപ്പടി നടപ്പാത കോൺക്രീറ്റ് | ജമാൽ.ഇ | 147781 | 5911 | 21428 | 15517 |
| 17. | അമൃതവാഹിനി നടപ്പാത കോൺക്രീറ്റ് | ജമാൽ.ഇ | 147257 | 5890 | 21352 | 15462 |
| 18. | ചെളിപൊയിൽ, കൊച്ചു കൈപ്പോൽപ്പടി തരണിപ്പടി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 145506 | 5820 | 21098 | 15278 |

| | | | | | | |
|---|---|---|---|---|---|---|
| 19. | തേൻപ്പാറ -പൂമരത്തിൻ കൊല്ലി നടപ്പാത കോൺക്രീറ്റ് | മനോജ് സെബാസ്റ്റ്യൻ | 147257 | 5890 | 21352 | 15462 |
| 20. | കാവലം പടി - പുത്തൻ പുറപ്പടി നടപ്പാത കോൺക്രീറ്റ് | ടി.വി സെബാസ്റ്റ്യൻ | 147257 | 5890 | 21352 | 15462 |
| | | ആകെ | | | | 293808 |

മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരുടെ ബില്ലിൽ നിന്ന് 4% വാറ്റ് മാത്രം ഈടാക്കിയതിനാൽ ഈ ഇനത്തിൽ 2015-16 വർഷത്തിൽ 101070/-രൂപയും, 2016-017 വർഷത്തിൽ 293808/-രൂപയും സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. നിയമാനുസൃത വാറ്റ് ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം വാണിജ്യ വകുപ്പുതലത്തിൽ നടത്തി നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 ടെണ്ടർ ഫോമിൽ നിരക്ക് ക്വാട്ട് ചെയ്തതിൽ തിരുത്ത് - അധിക തുക നൽകി

1. പ്രവൃത്തിയുടെ പേര് - പുല്ലൂരാംപാറ ചെറുശ്ശേരി ജോയ് റോഡ് ഒന്നാം ഘട്ടം

അടങ്കൽ - 20 ലക്ഷം

ഫൈനൽബിൽ തുക - 1999600/-

ബിൽ നം./തീയതി - 5460/29.09.2016 (ബിംസ് ബിൽ)

2. പ്രവൃത്തിയുടെ പേര് - പുല്ലൂരാംപാറ ചെറുശ്ശേരി ജോയ് റോഡ് രണ്ടാം ഘട്ടം

അടങ്കൽ - 8 ലക്ഷം

പ്രവൃത്തി മൂല്യം - 795569/-

ഫൈനൽ ബിൽ/തീയി - 69627/28.09.2016 (ബിംസ് ബിൽ)

തുക - 795410/-

മേൽ പ്രവൃത്തികൾ ഫ്ലഡിൽ ഉൾപ്പെടുത്തി ചെയ്തവയാണ്. ശ്രീ.കെ.എം.ഗോപാലകൃഷ്ണൻ എന്ന കരാറുകാരനാണ് ഈ രണ്ട് പ്രവൃത്തികളും ചെയ്തത്. ഈ രണ്ട് പ്രവൃത്തികളും ടെണ്ടർ ചെയ്തത് 20.02.2014ന് ആണ്. കരാറുകാരൻ സമർപ്പിച്ച2 ടെണ്ടർ ഫോറത്തിലും ടെണ്ടർ ഷെഡ്യൂളിൽ വെട്ടിത്തിരുത്തലുണ്ട്. ആദ്യം 0.2% കുറവ് എന്ന് ക്വാട്ട് ചെയ്തതിന് ശേഷം ആയത് വെട്ടിതിരുത്തി 0.02% എന്നാക്കിയിട്ടുണ്ട്. രണ്ട് ടെണ്ടറിലും ഒരേപോലെ വെട്ടിത്തിരുത്തിയത് ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആദ്യം 0.2% കുറവ് ക്വാട്ട് ചെയ്ത് പിന്നീട് 0.02% ആയി വെട്ടിത്തിരുത്തി, മേൽ രണ്ട് പ്രവൃത്തിയിലും ഒരേ പോലെ ചെയ്തത് ശരിയായ നടപടിയല്ല. അതിനാൽ ടിയാന് മേൽ പ്രവൃത്തികളിൽ 0.18% അധികം തുക നൽകിയിട്ടുണ്ട്. മൊത്തം പ്രവൃത്തിക്ക് ചെലവായ 2795569/-രൂപയുടെ 0.18% തുകയായ 5032/-രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 ഫുൾടൈം സ്വീപ്പർക്ക് യൂണിഫോം അലവൻസ് നൽകി തുക തിരിച്ചടക്കേണ്ടതാണ്

വൗച്ചർ നം. 21601281/31.03.2017 പ്രകാരം ഫുൾടൈം സ്വീപ്പർ ശ്രീമതി.ഷെർളി ജെറിയ്ക്ക് യൂണിഫോം അലവൻസ് ഇനത്തിൽ 2400/-രൂപ അനുവദിച്ചതായി കാണുന്നു. ജി.ഒ(പി) 7/2016 ധന. തീയതി 20.01.2016 ഉത്തരവിൽ ചില വകുപ്പുകളിലെ ഫുൾടൈം സ്വീപ്പർമാർക്ക് മാത്രമാണ് യൂണിഫോം അലവൻസ് അനുവദിച്ചിട്ടുള്ളത്. അതിൽ സൂചിപ്പിക്കപ്പെടാത്ത അലവൻസ് നിർത്തലാക്കിയതായി കണക്കാക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം വ്യക്തമായി, പഞ്ചായത്ത് ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 12.05.2017-ലെ ഇ9-26357/16 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പറായ ശ്രീമതി.ഷെർലി ജെറിയ്ക്ക് യൂണിഫോം അലവൻസ് നൽകിയത് ക്രമപ്രകാരമല്ലെന്ന് കാണുന്നു. തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-6 വാങ്ങിയ ഭക്ഷ്യ മിശ്രിതം മുഴുവൻ അംങ്കണവാടിയിൽ വിതരണം ചെയ്തില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിനുള്ള പദ്ധതിയിൽ ടി.എച്ച്.ആർ.എസ് ഭക്ഷ്യ മിശ്രിതം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ചെസ്റ്റ് നം 36.ലക്ഷംവീട് അങ്കണവാടിയിലേയ്ക്ക് നൽകിയ ഭക്ഷ്യ വസ്തുക്കളുടെ സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചു. ഐ .സി.ഡി.എസ് .സൂപ്പർ വൈസറുടെ സ്റ്റോക്ക് റജിസ്റ്റർ പ്രകാരം ഈ അങ്കണവാടിയിൽ നൽകിയിട്ടുള്ളത് 800 പായ്ക്കറ്റ് ഭക്ഷ്യ മിശ്രിതമാണ് എന്നാൽ അങ്കണവാടി സ്റ്റോക്കിൽ 770 പായ്ക്കറ്റ് മാത്രമേ ലഭിച്ചിട്ടുള്ളു 30 പായ്ക്കറ്റ് കുറവ്. ചെക്ക് നം.(2678021/3-9-16)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 7/16-17 /26-09-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 30 പായ്ക്കറ്റ് മിശ്രിതത്തിന്റെ വിലയായ 1680 രൂപ (56 X 30) ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-7 സാങ്കേതിക അനുമതി ലഭിയ്ക്കാത്ത പ്രൊജക്ടുകൾക്ക് കരാറിലേർപ്പെടാതെ മുൻകൂർ തുക അനുവദിച്ചു-പദ്ധതി പ്രവർത്തനം ആരംഭിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് മുൻകൂർതുക അനുവദിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. ചെലവ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് തുക | ബിൽനമ്പർ,തിയ്യതി | റിമാർക്സ് |
|---|---|---|---|
| എസ്.ഒ 219/17<br>തെരുവ് വിളക്ക് -സ്ട്രീറ്റ് | 1957320<br>944880 | 24/16-17<br>20-03-17 വികസന | അസി. എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ തിരുവമ്പാടിയ്ക്ക് തുക നൽകി.സ്ഥാപനവുമായി കരാറിൽ |

| | | | |
|---|---|---|---|
| മെയിൻ സ്ഥാപിക്കൽ | | ഫണ്ട്<br>25/16-17<br>20-03-17<br>ധനകാര്യ കമ്മീഷൻ അവാർഡ് | ഏർപ്പെട്ടിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രശീതി ലഭിച്ചിട്ടില്ല. പ്രവൃത്തിയുടെ പുരോഗതി തുകയുടെ വിനിയോഗ വിവരം, എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി എന്നിവ ലഭിച്ചിട്ടില്ല |
| എസ്.ഒ 201/17<br>മൊരട്ടകുന്നമ്മൽ കുടി വെള്ള പദ്ധതിയ്ക്ക് വൈദ്യുതി ലഭ്യമാക്കൽ | 62550 | 28/16-17<br>28-03-17<br>ധനകാര്യ കമ്മീഷൻ അവാർഡ് | അസി. എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി മുക്കത്തിന് തുക നൽകി.സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രശീതി ലഭിച്ചിട്ടില്ല.പ്രവൃത്തിയുടെ പുരോഗതി തുകയുടെ വിനിയോഗ വിവരം, എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി എന്നിവ ലഭിച്ചിട്ടില്ല |
| എസ്.ഒ 225/17<br>വഴിക്കടവ് അങ്കണവടി വൈദ്യുതീകരണം | 47250 | 29/16-17<br>28-03-17<br>മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ PWDഇലക്ട്രിക്കൽ സെക്ഷൻ സിവിൽ സ്റ്റേഷന് തുക നൽകി.സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രശീതി ലഭിച്ചിട്ടില്ല. പ്രവൃത്തിയുടെ പുരോഗതി തുകയുടെ വിനിയോഗ വിവരം, എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി എന്നിവ ലഭിച്ചിട്ടില്ല |
| എസ്.ഒ 99/17<br>9അങ്കണവാടികളുടെ വൈദ്യുതീകരണം | 351000 | 26/16-17<br>22-03-17<br>മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ PWDഇലക്ട്രിക്കൽ സെക്ഷൻ സിവിൽ സ്റ്റേഷന് തുക നൽകി.സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രശീതി ലഭിച്ചിട്ടില്ല. പ്രവൃത്തിയുടെ പുരോഗതി തുകയുടെ വിനിയോഗ വിവരം, എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി എന്നിവ ലഭിച്ചിട്ടില്ല |
| എസ്.ഒ 206/17<br>ആയുർവ്വേദആശുപത്രിയ്ക്ക് കുഴൽ കിണർ നിർമ്മാണം | 31620 | 40/16-17<br>31-03-17<br>ധനകാര്യ കമ്മീഷൻ അവാർഡ് | ഭൂജല വകുപ്പിന് തുക നൽകി .സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രശീതി ലഭിച്ചിട്ടില്ല. പ്രവൃത്തിയുടെ പുരോഗതി തുകയുടെ വിനിയോഗ വിവരം, എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി എന്നിവ ലഭിച്ചിട്ടില്ല |
| എസ്.ഒ 100/17<br>പാലക്കടവ്അങ്കണ വാടിയ്ക്ക് കുഴൽ കിണർ നിർമ്മാണം | 35120 | 41/16-17<br>31-03-17<br>ധനകാര്യ കമ്മീഷൻ അവാർഡ് | ഭൂജല വകുപ്പിന് തുക നൽകി .സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രശീതി ലഭിച്ചിട്ടില്ല. പ്രവൃത്തിയുടെ പുരോഗതി തുകയുടെ വിനിയോഗ വിവരം, എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി എന്നിവ ലഭിച്ചിട്ടില്ല |
| ആകെ | 3429740 | | |

ജി.ഒ(എം.എസ്)4/16/ത.സ്വ.ഭ.വ/11-01-2016 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു നിർമ്മാണ പ്രവർത്തിയ്ക്കായി KSEB, ഭൂജല അതോറിറ്റി എന്നീ സ്ഥാപനങ്ങൽക്ക് മുൻകൂർ നൽകണമെങ്കിൽ പ്രസ്തുത പ്രവർത്തിയ്ക്കുള്ള എസ്റ്റിമേറ്റ് അവർ സാങ്കേതികാനുമതി നൽകിയതായിരിക്കണമെന്നും കരാറിൽ ഏർപ്പെട്ട ശേഷം മാത്രമെ മുൻകൂർ നല്കാവൂ എന്നും നിർദ്ദേശമുണ്ട് .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 2/16-17 /26-09-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 കന്നുകുട്ടി പരിപാലനം (വനിത) പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

പ്രൊജക്ട് നമ്പർ -എസ്.ഒ. 69/17

കന്നുകുട്ടി പരിപാലനം (വനിത)

ചെലവ് -1256250

1250000 (വികസന ഫണ്ട്) ബിൽ നം. 2/2016-17/29-03-17

6250 (തനത് ഫണ്ട്) ചെക്ക് നം. 761/25-03-17

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി 77 ഗുണഭോക്താക്കൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം 481250 രൂപയും(6250X77) , 62ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള 12500 രൂപ വീതം 62 ഗുണഭോക്താക്കൾക്ക് 775000 രൂപയും ( 12500X62) ചേർത്ത് 1256250 രൂപ കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 5/16-17 /26-09-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 കാർഷിക മേഖലയിൽ പദ്ധതി നടപ്പാക്കുന്നതിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പച്ചക്കറി, ഫലവൃക്ഷം, ഇടവിള കൃഷി എന്നിവയുടെ പ്രോൽസാഹനത്തിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. .വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | പേര് | ചെലവ് തുക |
|---|---|---|
| എസ്.ഒ.205/17 | ജൈവ പച്ചക്കറി പ്രോൽസാഹനം | 531555 – വികസന ഫണ്ട്<br>128410 - ഗുണഭോക്തൃ വിഹിതം |
| എസ്.ഒ.207/17 | ഫല വൃക്ഷ തൈകൾ ഇടവി ള കൃഷി പ്രോൽസാഹനം | 275000 – വികസന ഫണ്ട്<br>154190 - ഗുണഭോക്തൃ വിഹിതം |
| എസ്.ഒ.211/17 | കൊക്കോ കൃഷി വ്യാപനം | 59430 – വികസന ഫണ്ട്<br>19810 - ഗുണഭോക്തൃ വിഹിതം |

മേൽ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല

മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫലവൃക്ഷതൈകളും പച്ചക്കറി വിത്തുകളും ,തൈകളും വളവും മറ്റും വാങ്ങി നൽകിയിട്ടുള്ളത് വേനൽ ആരംഭ കാലമായ മാർച്ച് ഏപ്രിൽ മാസങ്ങളിലാണ്.വരൾച്ചയും ജലക്ഷാമം എന്നിവ നേരിടുന്ന സമയത്താണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

2) പദ്ധതി മോണിറ്റർ ചെയ്യുന്നില്ല

പദ്ധതികൾ നടപ്പിലാക്കിയതിന്റെ മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

3) അപേക്ഷകൾ ഹാജരാക്കിയില്ല

പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അർഹത പരിശോധിയ്ക്കുന്നതിനായി അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 11/16-17 /26-09-17) മറുപടി ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 865985 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 സോളാർ തെരുവു വിളക്ക് സ്ഥാപിക്കൽ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സോളാർ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് | ബിൽ നം |
|---|---|---|
| എസ്.ഒ. 158/17<br>എസ്.ടി കോളനികളിൽ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | 103610 | 11/16-17/31-03-17<br>വികസന ഫണ്ട് (ടി.എസ്.പി) |
| എസ്.ഒ. 159/17<br>എസ്.സി കോളനികളിൽ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | 644085 | 10/16-17/31-03-17<br>വികസന ഫണ്ട് (എസ്.സി.പി) |
| ആകെ | 747695 | |

പദ്ധതി നടപ്പിലാക്കാനായി തുക കെൽട്രോണിന് നൽകിയിട്ടുണ്ട് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനവുമായുണ്ടാക്കിയ കരാർ പ്രകാരം മെയ് മാസത്തിൽ പ്രവർത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ ഇതുവരെയും പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല.

2) പ്രവൃർത്തിയുടെ പുരോഗതി, തുകയുടെ വിനിയോഗ വിവരംഎന്നിവ ലഭിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 5/16-17 /26-09-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 ശുചിത്വമിഷൻ ഫണ്ട് - തുക തിരിച്ചടച്ചു. ആയതിന്റെ വിശദാംശം ഫയലില്ല

വൗച്ചർ നം. - 21601052/16.03.2017

തുക - 476300/-

വൗച്ചർ നം. - 21601060/18.03.2017

തുക - 55369/-

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ പദ്ധതിയായ ക്ലീൻ തിരുവമ്പാടി മാലിന്യസംസ്കരണ പരിപാടിക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിന് (പ്രൊജക്റ്റ് നം. 217/2017) അപേക്ഷിച്ചപ്പോൾ 2013-2014 വർഷം ശുചിത്വമിഷൻ അനുവദിച്ച തുകയായ 476300/-രൂപയും ആയതിന്റെ 4.5% പലിശയും ഉൾപ്പെടെ 531669/-രൂപ തിരിച്ചടച്ചാൽ മാത്രമെ സാങ്കേതികാനുമതി നൽകു എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽ വൗച്ചർ പ്രകാരം തുക തിരിച്ചടച്ചത്.

ശുചിത്വമിഷന്റെ 17.01.2017-ലെ 2789/സി.1/2013/ എസ്.എം. കത്തിൽ 12.12.2013-ലെ ഇതേ കത്ത് നമ്പർ പ്രകാരം 1998500/-രൂപയുടെ ഒരു പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയത്, ജില്ലാ ശുചിത്വമിഷൻ 1190750/-രൂപ പഞ്ചായത്തിന് നൽകയിരുന്നു എന്നും, അതിന്റെ വിനിയോഗം അറിയിക്കാൻ നിർദ്ദേശിച്ചതിനാലാണ് മേൽ നടപടി. എന്നാൽ ഫയൽ പരിശോധിച്ചതിൽ 2013-14, 2014-15. 2015-16 വർഷങ്ങളിൽ ഇത്തരത്തിൽ ഒരു പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ/ലഭിച്ച ഫണ്ട് എന്നിവയുടെ രേഖകൾ കാണുന്നില്ല. മേൽ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക തിരിച്ചടച്ചത് ഓഡിറ്റിൽ അംഗീകരിക്കാനാവില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-12 എസ്.എസ്.എ വിഹിതം - കൈമാറിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ് തൊണ്ടിമ്മൽ 2016 -17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 82 / 17 |
| പ്രോജക്ട് | എസ്.എസ്.എ വിഹിതം |
| വകയിരുത്തിയ തുക | 9 ലക്ഷം രൂ |
| ചെലവഴിച്ച തുക | 9 ലക്ഷം രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |

| | |
|---|---|
| കൈമാറിയ തുകക്ക് എസ്.എസ്.എ<br>ജില്ല പ്രോജക്ട് ഓഫീസറിൽ നിന്നും ലഭിച്ച രശീത് | 290 / 028984 തിയ്യതി 05.12.16 |

ജില്ല പ്രോജക്ട് ഓഫീസറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും ആയത് വിശദമായതല്ല. പഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിലെ ഏതൊക്കെ ഗുണഭോക്താക്കൾക്ക വേണ്ടി ഏതൊക്കെ ഇനങ്ങളിലാണ് തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 9 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-13 പദ്ധതി നടത്തിപ്പിന്റെ വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല.

| പ്രൊജക്ട് | ചെലവ് തുക | ബിൽ ന മ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|
| എസ്.ഒ.85/17<br>സാമൂഹ്യ സുരക്ഷാ മിഷന് സഹായം നൽകൽ | 100000 | 21/07-03-2017 | തുക സാമൂഹ്യ സുരക്ഷാ മിഷന് യ്ക്ക് കൈമാറി. രശീതി ഹാജരാക്കിയിട്ടില്ല. വിനിയോഗവിവരം ലഭിച്ചിട്ടില്ല |
| എസ്..223/17<br>ഐ.എ.വൈ.വീടിന് വിഹിതം നൽകൽ | 149779<br>221 | 9/22-03-2017<br>10/22-03-2017<br>(വികസന ഫണ്ട്) | തുക കൊടുവള്ളി ബ്ലോക്കിന് കൈമാറി. . വിനിയോഗവിവരം ലഭിച്ചിട്ടില്ല |
| എസ്.ഒ.95/17<br>പി.എം.എ.വൈ. വിഹിതം നൽകൽ | 180000 | 2/25-03-2017<br>(വികസന ഫണ്ട്) | തുക കൊടുവള്ളി ബ്ലോക്കിന് കൈമാറി. . വിനിയോഗവിവരം ലഭിച്ചിട്ടില്ല |
| ആകെ | 430000 | | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 8/16-17 /26-09-17) മറുപടി ലഭ്യമാക്കിയിട്ടില്ല. 430000 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-14 അമ്പലപ്പാറ – കുളിപ്പൊയിൽ - അമ്പലപ്പടി റോഡ് കോൺക്രീറ്റ് - പദ്ധതി നടപ്പാക്കിയതിലെ അപാകത

2016 – 17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതി പരിശോധിച്ചു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.027 / 17 |
| പ്രോജക്ട് | അമ്പലപ്പാറ – കുളിപ്പൊയിൽ - അമ്പലപ്പടി റോഡ് |

| | |
|---|---|
| | കോൺക്രീറ്റ്. |
| വകയിരുത്തിയ തുക | 4 ലക്ഷം രൂ |
| ചെലവഴിച്ച തുക | 399960 രൂ |
| ഫണ്ട് | ലോകബാങ്ക് ധനസഹായം |
| എസ്റ്റിമേറ്റ് തുക | 4 ലക്ഷം രൂ |
| എസ്റ്റിമേറ്റ് തയ്യാറാക്കിയ S.O.R | DSR 2014 , CP അടക്കം |
| ഭരണാനുമതി | 3/29.06.2016 |
| കരാറുകാരൻ | ശ്രീ.ഇ.ജമാൽ , എളിയങ്ങാട്ട് , ആനക്കാംപൊയിൽ |
| പ്രവൃത്തി ഏറ്റെടുത്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിലും .01 % താഴെ. |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 11 / 21.11.2016 , 379961 രൂ |
| എം.ബുക്ക് നമ്പർ | 52 / 16-17 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 399960 രൂ |
| കിഴിവുകൾ വാറ്റ് @ 4% | 15999 രൂ |
| ഐ.ടി @ 1% | 4000 രൂ |
| KCWWF വിഹിതം | 4000 രൂ |
| കരാറുകാരന് നല്കിയ തുക | 375961രൂ , ചെക്ക് നമ്പർ 798322 തിയ്യതി 25.11.16 |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം അമ്പലപ്പാറ – കുളിപ്പൊയിൽ - അമ്പലപ്പടി റോഡ് 00 / 50 മുതൽ 00 /145 വരെ CC 1:4:8 40 m.m കല്ല് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്ത് അതിന്റെ മുകളിൽ 1:2:4 20 m.m കല്ല് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നതാണ് പദ്ധതി. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. 1:2:4 കോൺക്രീറ്റ് ചെയ്തിരിക്കുന്നത് 2014 DSR ഖണ്ഡിക 11.7 ന് അനുസൃതമായ നിരക്കിലാണ്. എന്നാൽ ഇത് ഫ്ലോറിങ്ങിന് ബാധകമായ നിരക്കാണ്. റോഡ് കോൺക്രീറ്റ് ചെയ്യേണ്ടത് 4.1.3 നിരക്കിന് അനുസൃതമായാണ്. അധികച്ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ചെയ്ത 1:2:4 കോൺക്രീറ്റിന്റെ അളവ് | അനുവദിച്ച നിരക്ക് DSR 2014 11.7 പ്രകാരം (കോസ്റ്റ് ഇൻഡക്സ് 38.1% അടക്കം ) | അനുവദിക്കേണ്ട നിരക്ക് DSR 2014 4.1.3 പ്രകാരം (കോസ്റ്റ് ഇൻഡക്സ് 38.1 % അടക്കം ) | അധിക ച്ചെലവ് (രൂ) |
|---|---|---|---|

| | | | |
|---|---|---|---|
| 29.67 എം3 | 7953.46 രൂ / എം3 | 7548.96 രൂ / എം3 | 12002 രൂ |

2. KCWWF വിഹിതമായ 4000 രൂ ഡിഡി നമ്പർ 798328 / 25.11.2016 പ്രകാരം കൈമാറിയതായി കാണുന്നുണ്ടെങ്കിലും ആയതിന് കൈപ്പറ്റ് രശീത് ലഭിച്ചിട്ടില്ല.

3. Site Hand Over Acknowledgement – ൽ സൈറ്റ് കൈമാറിയ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

ഇതിൽ കരാറുകാരൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

4. കരാർ പൂർത്തീകരണ കാലാവധി ,കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പൂർത്തീകരണ സർട്ടിഫിക്കറ്റ് പ്രകാരം പൂർത്തീകരണ തിയ്യതി 14.10.2016 ആണ്. എന്നാൽ ഇതിൽ അസി.എഞ്ചിനീയർ ഒപ്പിട്ടിട്ടില്ല. മേൽ പരാമർശിച്ച അപാകത കാരണം പദ്ധതി നിശ്ചിത സമയത്ത് തന്നെയാണോ പൂർത്തിയായത് എന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

5. കരാറുകാരനുമായി 12.07.2016 തിയ്യതിയിലെ 1 / 16-17 നമ്പർ എഗ്രിമെന്റ് ഒപ്പിട്ടതായി കാണുന്നു. സെലക്ഷൻ നോട്ടീസ് തിയ്യതി 26.05.2016 ആണ്. കൈപ്പറ്റ് തിയ്യതി പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അതേ തിയ്യതിയിൽ ത്തന്നെ കൈപ്പറ്റിയതായി കണക്കാക്കുന്നു.

സ.ഉ.(പി)13/2012/പിഡബ്ല്യൂഡി/ 1.02.2012 ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമക്കാൻ നോട്ടിസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി കരാർ വെക്കേണ്ടതാണ്. ഇതിനുശേഷവും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കി തൊട്ടടുത്ത കരാറുകാരനുമായി negotiate ചെയ്ത് ഏല്പിക്കണം. സാധ്യമല്ലെങ്കിൽ റീ - ടെണ്ടർ ചെയ്യണം. വ്യവസ്ഥകളൊന്നും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. 399960 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-15 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്ട് നമ്പർ -എസ്.ഒ. 86/17

ചെലവ് -387650

(വികസന ഫണ്ട് - 31157 -ബിൽ നം. 35/31-03-17 ,

ധനകാര്യകമ്മീഷൻ അവാർഡ് - 356493 -ബിൽ നം. 36/31-03-17)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള 6 പ്രിന്ററുകളിൽ 3 എണ്ണവും 5 കമ്പ്യൂട്ടറുകളിൽ 2 എണ്ണവും ഇതു വരെ ഉപയോഗിയ്ക്കാൻ തുടങ്ങിയിട്ടില്ല. നിലവിൽ ഓഫീസ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ സൗകര്യമില്ലാഞ്ഞിട്ടും ആവശ്യകത പരിഗണിയ്ക്കാതെ യാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

2) പഞ്ചായത്തിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ ഉണ്ടായിരിക്കണമെന്ന 24-09-10 ലെ 86/2010/ഫിൻ നമ്പർ സർക്കുലറിലെ നിബന്ധന പാലിക്കുന്നില്ല. ഓരോ വർഷവും വാങ്ങുന്ന ഉപകരണങ്ങൾ അതാതു വർഷത്തെ ടൂൾസ് ആന്റ് പ്ലാന്റ് രജിസ്റ്ററിലാണ് ചേർക്കുന്നത്. സ്ഥാപനത്തിലെ മൊത്തം ഉപകരണങ്ങളുടെ സ്റ്റോക്ക് എത്രയെന്ന് വ്യക്തമല്ല. രജിസ്റ്ററിലെ സ്റ്റോക്ക് എന്ട്രികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിയിട്ടില്ല.

4) ഈ പദ്ധതിയിൽ 9476 രൂപ വിലയുള്ള ഒരു ASUS ZENFONE SELFIE മൊബൈൽ ഫോൺ വാങ്ങിയിട്ടുണ്ട്. സ.ഉ (സാധ) 2904/2016/lsgd/19-10-16 പ്രകാരം M-Asset ആപ്ലിക്കേഷൻ വഴി ഗ്രാമ പഞ്ചായത്തിൽ ഉള്ള ആസ്തികളുടെ വിവരങ്ങൾ മൊബൈൽമാപ്പിങ്ങ് വഴി ശേഖരിയ്ക്കുന്നതിന് കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ /മോഡൽ മൊബൈൽ ഫോൺ വാങ്ങാൻ അനുവാദമുണ്ട്. മൊബൈൽ ഫോൺ ഉപയോഗിച്ച് ആസ്തി വിവര ശേഖരണം തുടങ്ങിയിട്ടില്ല.

വാങ്ങിയ മൊബൈൽ ഫോൺ പ്രസ്തുത സ്പെസിഫിക്കേഷനിൽ ഉള്ളതല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 1/16-17 /26-09-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 സമഗ്ര കായിക വികസന പരിപാടി - പദ്ധതി നടപ്പാക്കിയതിലെ അപാകത

2016 – 17 വർഷത്തിൽ HM നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ട് വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 202 /17 |
| പ്രോജക്ട് | സമഗ്ര കായിക വികസന പരിപാടി |
| വകയിരുത്തിയ തുക | 2 ലക്ഷം രൂ |
| ചെലവഴിച്ച തുക | 2 ലക്ഷം രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| വകയിരുത്തിയ തുക | 1 ലക്ഷം രൂ |
| ചെലവഴിച്ച തുക | 30170 രൂ |
| ഫണ്ട് | തനത് ഫണ്ട് |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി ,തുക | 2/2016-17 , 28.03.2017 , 2ലക്ഷം രൂ |
| തനത് ഫണ്ട് ചെക്ക് നമ്പർ ,തിയ്യതി , തുക | 71875 / 28.03.2017 , 30170 രൂ |
| ഭരണാനുമതി | 1(2) / 18.02.2017 |
| അംഗീകാരം നല്കിയത് | ശ്രീ.മുഹമ്മദ് അബ്ബാസ് .എൻ.പി , എ.ഇ.ഒ ,<br>23.09.2016 തിയ്യതിയിലെ<br>25 / a ഉത്തരവ് പ്രകാരം |
| സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്ത ഏജൻസി | Duppa Sports , മുക്കം |

| | |
|---|---|
| വിതരണ ഏജൻസിയുടെ ഇൻവോയ്സ് നമ്പർ , തുക | 2674 / 25.03.2017 , 230170 രൂ |

12 സ്കൂളുകൾക്ക് 14 സ്പോർട്സ് കിറ്റുകളാണ് വിതരണം ചെയ്തത്. കൂടാതെ 2 സ്കൂളുകൾക്ക് സൈക്കിൾ , കിഡ്സ് ഫൈബർ സ്വിങ് എന്നിവയും നല്കിയിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 ാം വകുപ്പ് (1)ാം ഉപവകുപ്പ് മൂന്നാം പട്ടിക സി XVI പ്രകാരം കായികവിനോദവും സാംസ്കാരിക കാര്യങ്ങളും മേഖലയിൽ ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ നിർവ്വചിച്ചിട്ടുണ്ട്. ഇതിൽ കളിസ്ഥലങ്ങൾ നിർമ്മിക്കൽ , സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കൽ എന്നിവ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. കൂടാതെ സ.ഉ.(എം.എസ്)4/2016/തസ്വഭവ തിയ്യതി 11.01.2016 പ്രകാരമുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖ , ഖണ്ഡിക 11.16 പ്രകാരം കളിസ്ഥലങ്ങൾ , സ്റ്റേഡിയം എന്നിവ ലഭ്യമാക്കൽ , സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെ ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകല്പന ചെയ്ത് നടപ്പാക്കൽ എന്നിവ മാത്രമേ കായിക വിനോദസൗകര്യങ്ങൾ എന്ന മേഖലയിൽ അനുവദനീയമായിട്ടുള്ളൂ. ഇതല്ലാതെസ്പോർട്സ് കിറ്റുകൾ മാത്രമായി വിതരണം ചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നില്ല. അപാകത വിശദീകരിക്കേണ്ടതാണ്. 230170 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-17 PHC ഡിസ്പെൻസറിയിലേക്കുള്ള മരുന്ന് വാങ്ങലുകളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ PHC തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ,നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് KMSCL എന്ന സ്ഥാപനത്തിന് തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ മരുന്നുകൾ ഡിസ്പെൻസറിയിൽ കൈപ്പറ്റിയിട്ടുണ്ടോ എന്നത് പരിശോധിച്ച് ബോധ്യപ്പെടുവാൻ സാധിച്ചിട്ടില്ല. ഏജൻസിക്ക് കൈമാറിയ തുകകൾക്കുള്ള കൈപ്പറ്റ് രശീതുകളും പരിശോധനക്ക് ലഭിച്ചിട്ടില്ല.

മരുന്നുകൾ വാങ്ങുന്നതിന് ജില്ല മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതായും കാണുന്നില്ല. പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1. പ്രോജക്റ്റ് നമ്പർ | എസ്.ഒ.079 /17 |
| പ്രോജക്റ്റിന്റെ പേര് | ആശ്രയ ആരോഗ്യ സേവനങ്ങൾ |
| വകയിരുത്തിയ തുക | 50000 രൂ |
| ചെലവഴിച്ച തുക | 13494 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| ചെലവ് തുകയുടെ ട്രഷറി ബിൽ നമ്പർ /തിയ്യതി ,തുക | 9/2016-17 തിയ്യതി 27.03.2017 , 13494 രൂ |
| KMSCL ൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് നമ്പർ / തിയ്യതി , തുക | PRF 4106 / 22.03.2017 , 13494 രൂ |
| 2. പ്രോജക്റ്റ് നമ്പർ | എസ്.ഒ. 80 /17 |
| പ്രോജക്റ്റിന്റെ പേര് | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| വകയിരുത്തിയ തുക | 50000 രൂ |
| ചെലവഴിച്ച തുക | 50000 രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്. |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 4 / 08.03.2017 , 50000 രൂ |
| KMSCL ൽ നിന്നുള്ള പ്രൊഫോർമ നമ്പർ / തിയ്യതി , തുക | PRF 1453 / 13.01.2017 , 50000 രൂ |
| 3. പ്രോജക്റ്റ് നമ്പർ | എസ്.ഒ.106 / 17 |
| പ്രോജക്ടിന്റെ പേര് | ട്രൈബൽ മെഡിക്കൽ ക്യാമ്പ് |
| വകയിരുത്തിയ തുക | 1 ലക്ഷം രൂ |
| ചെലവഴിച്ച തുക | 84213 രൂ |
| ഫണ്ട് | ടി.എസ്.പി |
| മരുന്ന് വാങ്ങൽ ചെലവ് ഉൾപ്പെടുന്ന ട്രഷറി ബിൽ നമ്പർ /തിയ്യതി , തുക | 08 / 25.03.2017 , 84213 രൂ |
| KMSCL ൽ നിന്നുള്ള പ്രൊഫോർമ നമ്പർ / തിയ്യതി , തുക | PRF 3488 / 14.03.2017 , 35000 രൂ |
| പ്രോജക്ട് നമ്പർ | എസ്.ഒ 107 /17 |
| 4. പ്രോജക്ടിന്റെ പേര് | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ |
| ആകെ വകയിരുത്തിയ തുക | 5 ലക്ഷം രൂ |
| ആകെ ചെലവഴിച്ച തുക | 5 ലക്ഷം രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| മരുന്ന് വാങ്ങൽ ചെലവ് ഉൾപ്പെടുന്ന ട്രഷറി ബിൽ നമ്പറുകൾ/ തുക , തിയ്യതി | 7 / 21.03.2017 , 192677 രൂ<br>3 / 13.02.2017 , 98873 രൂ |
| KMSCL ൽ നിന്നുള്ള പ്രൊഫേർമ ഇൻവോയ്സ് നമ്പർ / തിയ്യതി , തുക | PRF 3483 / 14.03.2017 , 30000 രൂ |
| KMSCL ൽ നിന്നുള്ള പ്രൊഫേർമ ഇൻവോയ്സ് നമ്പർ / തിയ്യതി , തുക | PRF 1532 / 14.01.2017 , 60000 രൂ |

| | |
|---|---|
| മേൽ പരാമർശിച്ച 4 പ്രോജക്ടുകളുടേയും നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ: സിൽവിയ .വി , മെഡിക്കൽ ഓഫീസർ ,PHC |

ആവശ്യമായ രേഖകൾ ഹാജരാക്കി അപാകതകൾ പരിഹരിക്കേണ്ടതാണ്. മരുന്ന് വാങ്ങലിനു വേണ്ടി ചെലവഴിച്ച തുകകൾ ( 13494 , 50000 , 35000 , 90000 , ആകെ 188494 രു ) തടസ്സത്തിൽ വെക്കുന്നു.

## 3-18 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്ന പദ്ധതി - കൈമാറിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചില്ല

2016 -17 വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മരുന്ന് വാങ്ങൽ പദ്ധതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.068 /17 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തിയ തുക | 1 ലക്ഷം രു |
| ചെലവഴിച്ച തുക | 1 ലക്ഷം രു |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 01/2016-17 തിയ്യതി 13.01.2017 , 1 ലക്ഷം രു |
| തുക കൈപ്പറ്റിയ ഏജൻസി | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) |
| തുക കൈമാറിയ ഡി.ഡി നമ്പർ / തിയ്യതി | 798521 / 23.12.2017 |
| ഏജൻസിയിൽ നിന്നും ലഭിച്ച രശീത് നമ്പർ / തിയ്യതി | 2464 / 28.01.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ:ജയരാജ് .ടി.സി ,<br>മെഡിക്കൽ ഓഫീസർ ,<br>ഹോമിയോ. |

1 ലക്ഷം രു കൈമാറിയെങ്കിലും ഹോംകോയിൽ നിന്നും നികുതിയടക്കം 58500 രൂപ കുള്ള മരുന്ന് മാത്രമേ ഇൻവോയ്സ് നമ്പർ എൽ - എഫ് 101 / 17.05.2017 പ്രകാരം ഡിസ്പെൻസറിയിലേക്ക് ലഭിച്ചിട്ടുള്ളൂ.

ബാക്കി തുകക്കുള്ള മരുന്നുകൾ ഏജൻസിയിൽ നിന്നും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. 41500 രൂപയുടെ ( 100000 – 58500 ) ചെലവ് തടസ്സത്തിൽ വെക്കുന്നു.

## **3-19** <u>പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതി - നടപ്പാക്കിയതിലെ അപാകത</u>

2016 -17 വർഷത്തിൽ മെഡിക്കൽ ഓഫീസർ PHC നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 107 / 17 |
| പ്രോജക്ടിന്റെ പേര് | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ |
| വകയിരുത്തിയ തുക | 5 ലക്ഷം രൂ |
| ചെലവഴിച്ച തുക | 5 ലക്ഷം രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| പ്രസക്ത ചെലവുമായി ബന്ധപ്പെട്ട ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 7/21.03.2017 , 192677 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ: സിൽവിയ .വി , മെഡിക്കൽ ഓഫീസർ , PHC |

മേൽ പരാമർശിച്ച ട്രഷറി ബിൽ തുകയിൽ നിന്നും ചെലവഴിച്ച താഴെപ്പറയുന്ന തുകകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| 1.ചെലവ് തുക | 5900 രൂ |
| ചെലവിനം | ഫോൾഡിങ് വീൽ ചെയർ വാങ്ങിയത് |
| വിതരണ ഏജൻസി | ദയ മെഡിക്കൽസ് ആൻഡ് സർജിക്കൽസ് |
| കാഷ് ബിൽ നമ്പർ | 462 / 18.03.2017 |
| 2.ചെലവ് തുക | 14000 രൂ |
| ചെലവിനം | ഫർണിച്ചർ വാങ്ങിയത് |
| വിതരണ ഏജൻസിയായ മലബാർ ഫർണിച്ചർ നല്കിയ ഇൻവോയ്സ് നമ്പർ | 266 / 29.03.207 |
| 3. ചെലവ് തുക | 5632 രൂ |

| | |
|---|---|
| ചെലവിനം | പ്രിന്റിങ് / ഓഫീസ് സ്റ്റേഷനറി |
| തുക കൈപ്പറ്റിയത് | ബസൂക്ക പ്രിന്റേഴ്സ് |
| കാഷ് ബിൽ നമ്പർ | 372 / 20.03.2017 |

മേൽ തുകകളൊന്നും തന്നെ അതാത് ഏജൻസികൾ കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് രശീത് ലഭിച്ചതായി കാണുന്നില്ല. കൂടാതെ ട്രഷറി ബിൽ നമ്പർ 2 / 28.12.2016 പ്രകാരം പിൻവലിച്ച 208450 രൂപയിൽ നിന്നും

10031 രൂപ ബസൂക്ക പ്രിന്റേർസ് ( കാഷ് ബിൽ നമ്പർ 336 / 15.12.2016 ) കൈപ്പറ്റിയതിനും കൈപ്പറ്റ് രശീത് ലഭിച്ചിട്ടില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്. 5900 രൂ ,14000 രൂ , 5632,10031 രൂപ എന്നീ ചെലവ് തുകകൾ (ആകെ 35563 രൂ ) തടസ്സത്തിൽ വെക്കുന്നു.

## **3-20** തൊണ്ടിമ്മൽ ഗവ. എൽ.പി സ്കൂൾ - വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ - പദ്ധതി നടപ്പാക്കിയതിലെ അപാകത

ഹെഡ്മിസ്ട്രസ്സ് , ജി.എൽ.പി.സ്കൂൾ , തൊണ്ടിമ്മൽ 2016 -17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.094 17 |
| പ്രോജക്ടിന്റെ പേര് | തൊണ്ടിമ്മൽ ഗവ.എൽ.പി. സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ |
| വകയിരുത്തിയ തുക | 99754 രൂ |
| ചെലവഴിച്ച തുക | 99235 രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 3/2016-17 , 28.03.2017 , 99235 രൂ |
| പ്രോജക്ട് പ്രകാരം ലഭ്യമാക്കേണ്ട വസ്തുക്കളുടെ വിതരണക്കാർ | ശ്രേയസ് കമ്പ്യൂട്ടേഴ്സ് , മുക്കം , കോഴിക്കോട്. |
| ഇൻവോയ്സ് നമ്പർ | 117 / 27.03.2017 |
| വിതരണക്കാർ തുക കൈപ്പറ്റിയ രശീത് തിയ്യതി | 24.05.2017 |

പദ്ധതി നടപ്പാക്കിയതിലെ അപാകത താഴെപ്പറയുന്നു.

1. പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ടി 03.03.207 തിയ്യതിയിലെ സിറാജ് പത്രത്തിൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ പരസ്യം പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു. തൊണ്ടിമ്മൽ ജി.എൽ.പി.എസിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ലാപ്ടോപ്പ് , പ്രിന്റർ , ലാബ് ഉപകരണങ്ങൾ മുതലായവ ലഭ്യമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്.

| | |
|---|---|
| ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന അവസാന തിയ്യതി | 10.03.2017 , 12 pm വരെ |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയ്യതി | 10.03.2017 , 2.30 pm വരെ |
| ടെണ്ടർ തുറക്കുന്ന തിയ്യതി | 10.03.2017 , 3 pm വരെ |

8.11.2010 ലെ സ.ഉ.(പി)259/2010 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം മതിപ്പുവില 50000 രൂ മുതൽ 99999 രൂ വരെയുള്ള വാങ്ങലുകളുടെ കാര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്നതിന് 14 ദിവസത്തെ സമയം നല്കണം. വ്യവസ്ഥ ഇവിടെ പാലിച്ചിട്ടില്ല.

2. വിതരണ ഏജൻസി ലഭ്യമാക്കിയ ഉപകരണങ്ങളുടേയും വസ്തുക്കളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വിതരണം ചെയ്തവ | നിരക്ക് (രൂ) | എണ്ണം | ആകെ തുക (രൂ) . നികുതി ഒഴികെ | വാറ്റ് ശതമാനം |
|---|---|---|---|---|---|
| 1. | ലാപ്പ്ടോപ്പ് | 28571.43 | 2 | 57142.86 | 5 |
| 2. | പ്രിന്റർ | 11666.67 | 1 | 11666.67 | 5 |
| 3. | സ്പീക്കർ | 952.38 | 3 | 2857.14 | 5 |
| 4. | മേശ | 3930.13 | 1 | 3930.13 | 14.5 |
| 5. | സീലിങ് ഫാൻ | 1135.37 | 2 | 2270.74 | 14.5 |
| 6. | Weight Box | 633.19 | 1 | 633.19 | 14.5 |
| 7. | Test tube | 26.2 | 5 | 131 | 14.5 |
| 8. | Spirit lamp | 69.87 | 1 | 69.87 | 14.5 |
| 9. | Medisol | 119.05 | 1 | 119.05 | 5 |
| 10 | Concave and Convex lens | 61.14 | 2 | 122.28 | 14.5 |
| 11 | Microscope | 4585.15 | 1 | 4585.15 | 14.5 |
| 12. | Bar magnet | 170.31 | 2 | 340.62 | 14.5 |
| 13. | Instrument Box | 633.19 | 1 | 633.19 | 14.5 |
| 14. | Metre scale | 100.44 | 4 | 401.76 | 14.5 |
| 15. | Globe 30 cm Eng | 900 | 1 | 900 | |
| 16. | Chart 6 | 180 | 6 | 1080 | |
| 17 | ഫയൽ റാക്ക് | 1190.48 | 2 | 2380.96 | 5 |
| 18. | അമോണിയം ഡൈക്രോമേറ്റ് 100 gm | 190.48 | 1 | 190.48 | 5 |

| | | | | | |
|---|---|---|---|---|---|
| 19. | പൊട്ടാസ്യം പെർമാംഗമേറ്റ് 100 gm | 190.48 | 1 | 190.48 | 5 |
| 20. | പൊട്ടാസ്യം ഹൈഡ്രോക്സൈഡ് 100gm | 95.24 | 1 | 95.24 | 5 |
| 21. | ബാലൻസ് ട്രേ | 2794.76 | 1 | 2794.76 | 14.5 |
| 22. | ബീക്കർ 250 എം.എൽ | 122.28 | 1 | 122.28 | 14.5 |
| 23. | ബീക്കർ 100 എം.എൽ | 87.34 | 1 | 87.34 | 14.5 |
| 24. | കോണിക്കൽ ഫ്ലാസ്ക്ക് 250 എം.എൽ | 192.14 | 1 | 192.14 | 14.5 |
| 25 | മാഗ്നറ്റിക് കോമ്പസ് | 174.68 | 1 | 174.68 | 14.5 |

ആകെ ഇൻവോയ്സ് തുക 99235 രൂ

ഇവിടെ ശ്രേയസ് കമ്പ്യൂട്ടേഴ്സ് എന്ന ഏജൻസിക്ക് ലാബ് ഉകരണങ്ങൾ , രാസ വസ്തുക്കൾ , ഫർണിച്ചർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് ഉണ്ടോ എന്നത് വ്യക്തമല്ല. ഏജൻസിക്ക് പ്രസക്ത തദ്ദേശ സ്വയംഭരണ സ്ഥാപനമായ മുക്കം മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച 2016 -17 വർഷത്തേക്കുള്ള D & O ലൈസൻസിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. ലാപ്പ്ടോപ്പ് , പ്രന്റർ , സ്പീക്കർ എന്നിവയുടേതൊഴികെയുള്ള

ചെലവ് തുക 23985രൂ ( 99235 – 75250 )തടസ്സത്തിൽ വെക്കുന്നു.

## **3-21** ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചു - ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത – ഇൻഷൂറൻസ് ഇനത്തിൽ തുക ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2015 നവംബർ മുതൽ തൊണ്ടിമ്മൽ അങ്കണവാടി, ജി.എൽ.പി.എസ് തൊണ്ടിമ്മലിന്റെ കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. അങ്കണവാടിയിലെ കുട്ടികൾക്കുള്ള ഭക്ഷണം പാചകം ചെയ്യുന്നത് വിദ്യാലയത്തിന്റെ പാചകപ്പുരയിലാണ്. 19.10.2016ന് കാലത്ത് അങ്കണവാടിക്കുള്ള ഭാരത് ഗ്യാസിന്റെ സിലിണ്ടർ വിതരണം ചെയ്ത് ഒന്നര മണിക്കൂറിന് ശേഷം പൊട്ടിത്തെറിച്ച്, പാചകപ്പുരയും, സ്റ്റോർമുറിയും, ഇൻഡക്ഷൻ കുക്കർ, അലമാര, എന്നിവ കത്തി നശിക്കുകയും ബിൽഡിംഗിന് വിള്ളൽ സംഭവിക്കുകയുമുണ്ടായി. തൊട്ടടുത്ത ബിൽഡിംഗിന്റെ ജനൽപാളികൾ തകരുകയും, ലാന്റ് ഫോൺ കണക്ഷൻ, 2 കമ്പ്യൂട്ടറുകൾ എന്നിവയും തകർന്നു. ഇതിന്റെ പ്രാഥമിക നാശനഷ്ടം 2 ലക്ഷത്തോളമുണ്ടാവുമെന്ന് ഫയലിൽ വ്യക്തമാകുന്നു. (19.10.2016ന് ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, തൊണ്ടിമ്മൽ, തിരുവമ്പാടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി കാണുക). ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് വൗച്ചർ നം. 21600598/21.10.2016 പ്രകാരം 10000/-രൂപക്ക് ഭക്ഷണം പാകം ചെയ്യാനുള്ള പാത്രങ്ങളും അനുബന്ധ സാധനസാമഗ്രികളും വാങ്ങി നൽകിയതായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

നാശനഷ്ടങ്ങൾക്ക് ഇൻഷൂറൻസ് ഇനത്തിൽ തുക ലഭിക്കുവാൻ, പോലീസ് എഫ്.ഐ.ആർ ന്റെയും, അഗ്നിശമനസേനയുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, അപേക്ഷ നൽകിയതല്ലാതെ കെട്ടിടം പൊളിഞ്ഞതുൾപ്പെടെ 8 ലക്ഷം രൂപയുടെ നഷ്ടപരിഹാരം ലഭിക്കാൻ നടപടികൾ

ത്വരിതപ്പെടുത്തേണ്ടതാണ്. ഗ്യാസ് സിലിണ്ടറിന്റെ വില ഇനത്തിൽ ഒടുക്കിയ രസീത്, 19.10.2016ന് ഇറക്കിയ ഗ്യാസ് സിലിണ്ടറിന്റെ രസീത് എന്നിവ സി.ഡി.പി.ഒ/ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കൈവശമാണ്. ഇത് ഉൾപ്പെടെ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതും നഷ്ടപരിഹാരം ആവശ്യമായതിന് വിനിയോഗിക്കേണ്ടതുമാണ്. നഷ്ടപരിഹാരതുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-22 ഉരുൾ പൊട്ടൽ മൂലം വീട് നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണം സംബന്ധിച്ച്.

പ്രൊജക്റ്റ് നം- എസ്.ഒ. 18/17

അടങ്കൽ - 1400000

ചെലവ്- 260000

(പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഉരുൾ പൊട്ടലിൽ വീട് നഷ്ടപ്പെട്ട 23 ഗുണഭോക്താക്കൾ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ ഉണ്ട്. ഇവരെ സഹായിക്കുന്നതിനായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ധന സഹായം ലഭിച്ചിട്ടുണ്ട്. വിവിധ ജില്ലകൾ, ഗ്രാമ പഞ്ചായത്തുകൾ സംഘടനകൾ പി.ടി.എ കൾ മുതലായവരിൽ നിന്നും വലിയ സഹായം ഈ ആവശ്യത്തിനായി ലഭിച്ചിട്ടുണ്ട്. 2016-17 വർഷത്തിലാണ് ഈ ആവശ്യത്തിനായി പണം ചെലവഴിയ്ക്കാൻ തുടങ്ങിയത്. വീട് നഷ്ടപ്പെട്ട 16 പേരുടെ ഗ്രാമസഭാ ലിസ്റ്റ് തയ്യാറാക്കുകയും 7 ഗുണഭോക്താക്കൾക്ക് വീട് ഉണ്ടാക്കുന്നതിനായി മേൽ പ്രൊജക്റ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ ഒരു ഗുണഭോക്താവുപോലും വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|
| ബിനോയി | 20000 |
| ഗോപീദാസ് | 80000 |
| മേഴ്സി | 80000 |
| സുലോചന | 20000 |
| ആമിന | 20000 |
| ഭനുമതി | 20000 |
| മേരി | 20000 |
| ആകെ | 260000 |

നിലവിൽ ഈ ബാങ്ക് അക്കൗണ്ടിൽ 1357193 രൂപ (പതിമൂന്ന് ലക്ഷത്തി അൻപത്തി ഏഴായിരത്തി നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) നീക്കിയിരിപ്പുണ്ട്. (അക്കൗണ്ട് നമ്പർ-6350- തിരുവമ്പാടി സർവ്വീസ് സഹകരണ ബാങ്ക്) . ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക വിനിയോഗിയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-23 ചെലവ് വിവരങ്ങൾ ഐ.കെ.എം പത്രികയിൽ ഉൾപ്പെടുത്തിയില്ല

പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിലെ ചെലവുകൾ ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്റ്റ് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | ഫണ്ട്,ചെക്ക് നംമ്പർ തിയ്യതി |
|---|---|---|---|
| എസ്.ഒ. 207/17 | കൃഷി ഓഫീസർ | 225000 | ബ്ലോക്ക് വീഹിതം 80441/31-03-17 |
| എസ്.ഒ. 72/17 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 195360 | തനത് ഫണ്ട് 070490/11-05-16 |
| എസ്.ഒ. 74/17 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 844 | കേന്ദ്ര വീഹിതം 2678021/3-9-16 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-24 സ്വച്ഛഭാരത് മിഷൻ ഒ.ഡി.എഫ് വ്യക്തിഗത ടോയിലെറ്റ് നിർമ്മാണം - ഫണ്ട് വിനിയോഗം സംമ്പന്ധിച്ച്.

പ്രൊജക്റ്റ് നം- എസ്.ഒ. 01/17

ചെലവ്- 508200

(വികസന ഫണ്ട് ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഈ പദ്ധതിയിൽ 33 ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ നൽകുന്ന 12000 രൂപയും പഞ്ചായത്ത് 3400 രൂപയും വീതമായിരുന്നു പദ്ധതിയ്ക്ക് വിനിയോഗിക്കേണ്ടിയിരുന്നത് . എന്നാൽ ശുചിത്വ മിഷനിൽ നിന്ന് ഫണ്ട് ലഭിയ്ക്കാൻ താമസിച്ചതിനാൽ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നാണ് വിനിയോഗിച്ചിട്ടുള്ളത് (15400 X 33 = 508200 ) . ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ബിൽ നമ്പർ/തിയ്യതി | തുക |
|---|---|
| 1/9-9-16 | 123200 |
| 2/17-9-16 | 138600 |
| 3/18-10-16 | 92400 |
| 4/31-10-16 | 92400 |
| 6/27-12-16 | 30800 |
| 7/10-03-17 | 15400 |
| 8/31-03-17 | 15400 |
| ആകെ | 508200 |

പിന്നീട് ശുചിത്വ മിഷനിൽ നിന്ന് 470400 രൂപ ഇതിനായി ലഭിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ, തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|
| 001912 / 18-01-17 | 470400 | തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു |

പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച 396000 രൂപ (12000 X 33) ശുചിത്വ മിഷനിൽ നിന്ന് ലഭിയ്ക്കുന്ന മുറയ്ക്ക് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിയ്ക്കുകയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 4/16-17 /26-09-17) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് .കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-25 കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നംമ്പർ - എസ്.ഒ. 210/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ചെലവ് - 133000 (വികസന ഫണ്ട്)

ബിൽ നം.10/31-03-17

കൃഷി ഓഫീസിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് ലാപ്പ് ടോപ്പ്, പ്രൊജക്റ്റർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) പ്രൊജക്റ്റ് പ്രകാരം റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങേണ്ടത്. എന്നാൽ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്ക് വിഭാഗം അസി,എഞ്ചിനീയർ വഴി സ്വിഫ്റ്റ് സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനത്തിന്റെ റേറ്റ് കോൺട്രാക്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ വന്നിട്ടില്ല.

3) പദ്ധതി മോണിറ്റർ ചെയ്യുന്നില്ല

പദ്ധതി നടപ്പിലാക്കിയതിന്റെ മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-26 ഭവന നിർമ്മാണ ധന സഹായം തുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച്.

പ്രൊജക്റ്റ് നം- എസ്.ഒ. 20/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഈ പദ്ധതിയിൽ ശ്രീമതി. ഉമൈബ സലിം എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന്റെ അവസാന ഗഡു നൽകുന്നതിന് വികസന ഫണ്ടി ൽ 20000 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയൽ പരിശോദിച്ചപ്പോൾ 08-08-2016 ന് ഈ ഗുണഭോക്താവ് തനിക്ക് കടബാധ്യതയുള്ളതിനാൽ നിർമ്മാണത്തിലിരിക്കുന്ന വീടും സ്ഥലവും വിൽക്കാൻ അനുവാദം തരണമെന്നും കൈപ്പറ്റിയ തുക തിരികെ അടയ്ക്കാൻ അനുവാദം നൽകുന്നതിനും അപേക്ഷിച്ചിട്ടുണ്ട്. തുക പലിശ സഹിതം തിരി ച്ചടയ്ക്കാനുള്ള അനുമതിയ്ക്കായി A2-6801/17 , തിയ്യതി: 17-05-2017 പ്രകാരം സെക്രട്ടറി ഗവൺമെന്റിലേയ്ക്ക് കത്തെഴുതിയിട്ടുണ്ട്.

2013-14 വർഷത്തിൽ ആരംഭിച്ചിട്ടുള്ള വനിതാ വീട് പദ്ധതിയിൽ ടിയാരി നാളിതുവരെ കൈപ്പറ്റിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗഡു | ഡി.ഡി.നമ്പർ, തിയ്യതി | തുക |
|---|---|---|
| I | 359836/ 6-12-13 | 20000 |
| II | 359908/ 24-01-14 | 60000 |
| III | 360542/ 20-03-14 | 60000 |

| | | |
|---|---|---|
| IV | 620271/ 27-1014 | 40000 |
| ആകെ | | 180000 |

സർക്കാരിൽ നിന്ന് അനുവാദം വാങ്ങി ആവശ്യമായ അന്വേഷണം നടത്തി ശ്രീമതി. ഉമൈബ സലിം കൈപ്പറ്റിയ 180000രൂപ പലിശ സഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1000000 | പൊതുശ്മശാന നിർമ്മാണം | 0 | 1000000 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2016-17 | 925000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 925000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 533/2010 /18/2/2010 | 60000 | 3238440 | 1797775 | 0 | 1500665 |

## 4-5. <u>സ്ഥിരനിക്ഷേപങ്ങൾ</u>

<u>ഇല്ല</u>

## 4-6. <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച 60379 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-1 | 3600 | കല്യാൺ ജ്വല്ലേഴ്സ് | 11601103103/6.9.2016 |
| 2010-11 | 3-1 | 2775 | നിർമ്മല ഷാജി | 11601103366/26.9.2016 |
| 2014-15 | 2-2 | 4320 | എസ്.എസ്.എന്റർപ്രൈസസ് | 11607100232/3.10.2016 |
| 2010-11 | 3-1 | 2775 | പാത്തുമ്മ ചെറുപറമ്പിൽ | 11607100267/5.10.2016 |
| 2008-09, 2009-10 | | 5000 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 101423/19.12.2016 |
| 2014-15 | 2-2 | 2580 | കുര്യൻ ചാക്കോ , മുണ്ടക്കൽ | 100660,100661/27.10.2016 |
| 2015-16 | 2-3(1) | 8500 | ഹാരിസ് പി ടി | 102141/1.2.2017 |
| 2016-16 | 2-5(2) | 375 | ക്ഷീരോൽപാദക സഹകരണ സംഘം | 102096/31.1.2017 |
| 2000-01 | Para 40 | 3302 | ഷാജി, സേവിയർ, കെ.വി.ജോസഫ്, പി.ജെ.ജോസഫ് | 102676, 102677, 102678, 102679/22.2.2017 |

| | | | | |
|---|---|---|---|---|
| 2001-02 | Para 35 | 2915 | പി.ജെ.ജോസഫ് | 102681/23.2.2017 |
| 2001-02 | Para 36 | 1612 | പി.ജെ.ജോസഫ് | 102682/23.2.2017 |
| 2000-01 | Para 42 | 2995 | എ.ടി ആന്റണി | 102788/27.2.2017 |
| 2000-01 | Para 43 | 668 | ഒ.വി തോമസ് | 102789/27.2.2017 |
| 2000-01 | Para 44 | 2706 | ടോമി | 102790/27.2.2017 |
| 2000-01 | Para 51 | 986 | സണ്ണി ചാക്കോ | 102791/27.2.2017 |
| 2015-16 | 2-4(3) | 2500 | ജോസ് കെ എ | 102938/2.3.2017 |
| 2015-16 | 2-4(2) | 6000 | ഇൻഫാന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 102780/25.2.2017 |
| 2014-15 | 2-2 | 2500 | നിധിൻ ജോയ് | 103896/28.3.2017 |
| 2014-15 | 2-2 | 1320 | അനുരാഗ് ഭാരത് ഗ്യാസ് | 103897/28.3.2017 |
| 2009-10 | 2-1 | 450 | വി ഹരിദാസൻ | 11601101356/6.6.2016 |
| 2014-15 | 2-2 | 2500 | ജെ.ജെ എന്റർപ്രൈസസ് | 11607100234 |
| ആകെ | | 60379 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2005-06 | 9 | പെൻഷൻ വേതനം അപാകതകൾ | ലഭ്യമല്ല |
| 2002-03 | 3-25 | 2005-06 | 3 | തൊഴിൽപരിശീലന പദ്ധതികൾ-പരാജയം | ലഭ്യമല്ല |

## 4-8 . ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 77356524 (മുന്നിരിപ്പുൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59618479 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 4593 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 347352 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9468661 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 4593 | | ശ്രീ. ഉദയൻ എ, സെക്രട്ടറി |
| 3-1 | | 320700 | ശ്രീ. പ്രകാശ് പി, കൃഷി ഓഫീസർ |
| 3-2 | | 17540 | ശ്രീ. ഗോപാലകൃഷ്ണൻ.കെ, സെക്രട്ടറി |
| 3-4 | | 5032 | ശ്രീമതി. നിമ്മി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 2400 | ശ്രീ. അഭിലാഷ് എ.എൻ, സെക്രട്ടറി |
| 3-6 | | 1680 | ശ്രീമതി.ഹഫ്സ.എൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 3429740 | ശ്രീ. അഭിലാഷ് എ.എൻ, സെക്രട്ടറി |
| 3-8 | 1256250 | ശ്രീ.സുഭാഷ്‌രാജ് കെ, വെറ്ററിനറി സർജൻ |
| 3-9 | 865985 | ശ്രീ. പ്രകാശ് പി, കൃഷി ഓഫീസർ |
| 3-10 | 747695 | ശ്രീമതി.ദേവി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 531669 | ശ്രീ.ഗോപാലകൃഷ്ണൻ.കെ, സെക്രട്ടറി |
| 3-12 | 900000 | ശ്രീമതി.മെഹറുന്നീസ, ഹെഡ്മിസ്ട്രസ്സ് |

| | | |
|---|---|---|
| 3-13 | 100000 | സെക്രട്ടറി |
| | 330000 | ശ്രീമതി.സുലേഖ ടി കെ, വി.ഇ.ഒ, ശ്രീ.സബീഷ്.എൻ.ആർ.ടി.കെ, വി.ഇ.ഒ |
| 3-14 | 399960 | ശ്രീമതി.നിമ്മി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | 387650 | ശ്രീ.അഭിലാഷ്.എ.എൻ, സെക്രട്ടറി |
| 3-16 | 230170 | ശ്രീമതി.മെഹറുന്നീസ, ഹെഡ്മിസ്ട്രസ്സ് |
| 3-17 | 188494 | ഡോ.സിൽവിയ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-18 | 41500 | ശ്രീമതി.ദേവസ്യ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-19 | 35563 | ഡോ.സിൽവിയ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-20 | 23985 | ശ്രീമതി.മെഹറുന്നീസ, ഹെഡ്മിസ്ട്രസ്സ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഉദയൻ എ, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ്, കുന്നമംഗലം | കാവ്യ ഹൗസ്, മായനാട്, കോഴിക്കോട് -008 |
| ശ്രീ. പ്രകാശ് പി, കൃഷി | കൃഷി ഓഫീസർ, തിരുവമ്പാടി | പുന്നാട്ട് കുഴിയിൽ വീട്, |

| | | |
|---|---|---|
| ഓഫീസർ | ഗ്രാമപഞ്ചായത്ത് | മൈക്കാവ് പി.ഒ, താമരശ്ശേരി |
| ശ്രീ. ഗോപാലകൃഷ്ണൻ.കെ, സെക്രട്ടറി | സെക്രട്ടറി ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | സൗരഭം, പെരിങ്ങളം പി.ഒ, കുന്നമംഗലം |
| ശ്രീമതി. നിമ്മി കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, കട്ടിപ്പാറ | കാരിപ്പാൽ വീട്, പന്തീരങ്കാവ് പി.ഒ, കോഴിക്കോട് |
| ശ്രീ. അഭിലാഷ് എ.എൻ, സെക്രട്ടറി | സെക്രട്ടറി, ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | വെള്ളിപുറത്ത് വീട്, പുത്തൂർ, ഓമശ്ശേരി |
| ശ്രീമതി.ഹഫ്സ.എൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, വൈത്തിരി | മരുത്തുള്ളത്തിൽ വീട്, വലിയപറമ്പ്, കൊടുവള്ളി കോഴിക്കോട് |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1988-89<br>1989-90 | എൽഎഫ് കെകെഡി.1/174 /10(4)/10/19.8.10 | 1 | |
| 1990-91<br>1991-92 | എൽഎഫ് കെകെഡി.1/174 /10(6)/10/19.8.10 | 1 | |
| 1999-00 | എൽഎഫ് കെകെഡി. പി1/276/12(6)21.7.12 | 2 | |
| 2000-01 | എൽഎഫ് കെകെഡി. പി1/276/12(7)21.7.12 | 6 | |
| 2001-02 | എൽഎഫ് കെകെഡി. പി1/276/12(8)21.7.12 | 3 | |
| 2002-03 | എൽഎഫ് കെകെഡി. പി1/276/12(9)21.7.12 | 13 | |
| 2003-04 | എൽഎഫ് കെകെഡി. പി1/276/12(10)21.7.12 | 1 | |
| 2004-05 | എൽഎഫ് കെകെഡി. പി1/276/12(11)21.7.12 | 1 | |

| | | | |
|---|---|---|---|
| 2005-06 | എൽഎഫ് കെകെഡി.പി1/276 /12(12)21.7.12 | 2 | |
| 2006-07 | എൽഎഫ് കെകെഡി. പി1/276/12(13)21.7.12 | 13 | |
| 2007-08 | എൽഎഫ് കെകെഡി. പി1/276/12(14)21.7.12 | 16 | |
| 2008-09 | എൽഎഫ് കെകെഡി. പി1/276/12(15)21.7.12 | 9 | |
| 2009-10 | എൽഎഫ് കെകെഡി. പി1/763/12 18.6.12 | 7 | |
| 2010-11 | എൽഎഫ് കെകെഡി. പി1/754/12 18.6.12 | 18 | |
| 2011-12 | എൽഎഫ് കെകെഡി. പി1/1555/14 31.10.14 | 24 | |
| 2012-13<br>2013-14 | കെഎസ്എ കെകെഡി. പി1/1311/15,1.3.16 | 37 | |
| 2014-15 | കെഎസ്എ കെകെഡി. പി11/1033/16,15.6.16 | 11 | |
| 2015-16 | കെഎസ്എ കെകെഡി. പി1/2090/16,16.12.16 | 12 | |

ഡപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.1/1822/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-24.10.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.1/1822/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 24.10.2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Thiruvambadi Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Thiruvambadi Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
District Audit Office, Kozhikode.